2024 SEPTEMBER
07
SATURDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621



തൃപ്പൂണിത്തുറയിൽ ഇന്നലെ നടന്ന അത്തം ഘോഷയാത്രയിൽ നിന്ന്
എ.എസ്. സതീഷ്

## ഹാത്രസിൽ വൻ വാഹനാപകടം

# ബസും മിനി ട്രക്കും കൂട്ടിയിടിച്ച് 12 മരണം



**ഹാത്രസ്:** ഉത്തർപ്രദേശിലെ ഹാത്രസിൽ വൻ വാഹനാപകടം. ബസും മിനി ട്രക്കും കൂട്ടിയിടിച്ച് 12 പേർ മരിച്ചു. 16 പേർക്ക് പരിക്കേറ്റു. ആഗ്രഅലിഗഡ് ദേശീയപാതയിൽ മീതായ് ഗ്രാമത്തിന് സമീപമാണ് അപകടമുണ്ടായത്. അമിത ഭാരവുമായെത്തിയ പിക്കപ്പിന് പിന്നിൽ ബസ് ഇടിച്ചാണ് അപകടം. 30 മുതൽ 32 പേർ പിക്കപ്പിലുണ്ടായിരുന്നെന്നാണ് നിഗമനം. മരണ നിരക്ക് ഇനിയും ഉയരാനാണ് സാധ്യത. സേവാല ഗ്രാമത്തിൽ മരണാനന്തര ചടങ്ങിന് പങ്കെടുത്ത് മടങ്ങുന്നവരായിരുന്നു ട്രക്കിലുള്ളവർ. ആഗ്രയിൽ നിന്ന് ഹാത്രസിലേക്കുള്ള മടക്കയാത്രയിലാണ് അപകടം. അപകടത്തിൽ പരിക്കേറ്റ 16 പേരിൽ 4 പേരുടെ നില ഗുരുതരമാണെന്നാണ് റിപ്പോർട്ട്. മരിച്ചവരിൽ 4 കുട്ടികളും 4 സ്ത്രീകളും 4 പുരുഷന്മാരും ഉൾപ്പെടുന്നു.

## അബുദാബി വാർഷിക ഇൻവെസ്റ്റ്മെൻറ് മീറ്റ്; ഏപ്രിൽ 7 മുതൽ 9 വരെ

**അബുദാബി:** വാർഷിക ഇൻവെസ്റ്റ്മെൻറ് മീറ്റ് (എ.ഐ.എം) 2025 ഏപ്രിൽ 7 മുതൽ 9 വരെ അബുദാബിയിൽ നടക്കും. 'ആഗോള നിക്ഷേപത്തിൻറെ ഭാവി മാപ്പിംഗ് പുതിയ സമതുലിത ലോക ഘടനയിലേക്ക് ആഗോള നിക്ഷേപ ഭൂപ്രകൃതിയുടെ പുതിയ തരംഗം' എന്ന ആശയത്തിലാണ് വാർഷിക നിക്ഷേപ കോൺഗ്രസ്സിന് അബുദാബി ആതിഥ്യമരുളുന്നത്.

അബുദാബി നാഷണൽ എക്സിബിഷൻ സെൻററിലാണ് പരിപാടി നടക്കുന്നത്. നേതാക്കൾ, സർക്കാർ ഉദ്യോഗസ്ഥർ, നയരൂപകർത്താക്കൾ, വ്യവസായ പ്രമുഖർ, മുതിർന്ന പ്രാദേശികഅന്തർദേശീയ നിക്ഷേപകർ തുടങ്ങിയവർ പങ്കെടുക്കും.

നമ്മുടെ കാലത്തെ സാമ്പത്തിക വെല്ലുവിളികളെ അഭിമുഖീകരിക്കുന്നതിൽ ആഗോള ശ്രമങ്ങൾക്ക് നേതൃത്വം നൽകാനുള്ള യുഎഇയുടെ അചഞ്ചലമായ പ്രതിബദ്ധത വീണ്ടും ഉറപ്പിക്കാനുള്ള അവസരമാണ് എഐഎം കോൺഗ്രസ് 2025 എന്ന് യുഎഇ വിദേശ വ്യാപാര സഹ മന്ത്രിയും എഐഎം കോൺഗ്രസ് പ്രസിഡൻറുമായ ഡോ. ഥാനി ബിൻ അഹമ്മദ് അൽ സിയൂദി പറഞ്ഞു. മികച്ച നൂതന സ്റ്റാർട്ടപ്പുകളെ ചടങ്ങിൽ ആദരിക്കും.

## നേമം, തിരുവനന്തപുരം സൗത്ത്, കൊച്ചുവേളി, തിരുവനന്തപുരം നോർത്ത്: പേരുമാറ്റി സർക്കാർ വിജ്ഞാപനം

**തിരുവനന്തപുരം:** നേമം, കൊച്ചുവേളി റെയിൽവേ സ്റ്റേഷനുകളുടെ പേരുമാറ്റി സർക്കാർ വിജ്ഞാപനം ഇറങ്ങി. നേമത്തിന്റെ പേര് തിരുവനന്തപുരം സൗത്ത് എന്നും കൊച്ചുവേളി തിരുവനന്തപുരം നോർത്ത് റെയിൽവേ സ്റ്റേഷൻ ഇനി അറിയപ്പെടുക. റെയിൽവേ ബോർഡിന്റെ ഉത്തരവ് വരുന്നതോടെ പേരുമാറ്റം നിലവിൽ വരും. ഇതോടെ, ഈ രണ്ടു സ്റ്റേഷനുകളെയും തിരുവനന്തപുരം സെൻട്രൽ റെയിൽവേ സ്റ്റേഷന്റെ സാറ്റ്ലൈറ്റ് ടെർമിനലുകളാക്കാനുള്ള നടപടികൾ സജീവമാകും.

# ക്രൂഡ് ഓയിൽ വില കുറഞ്ഞു; പെട്രോൾ, ഡീസൽ വില കുറയ്ക്കാൻ ആലോചന

**കൊച്ചി:** രാജ്യാന്തര വിപണിയിൽ ക്രൂഡ് ഓയിൽ വില കുറഞ്ഞതോടെ ഇന്ത്യയിൽ പെട്രോൾ, ഡീസൽ എന്നിവയുടെ വില കുറയ്ക്കാൻ പൊതുമേഖലാ എണ്ണക്കമ്പനികൾ ആലോചിക്കുന്നു. 14 മാസത്തിനിടയിലെ ഏറ്റവും താഴ്ന്ന നിലയിലേക്കാണ് വെള്ളിയാഴ്ച ക്രൂഡ് വില കുറഞ്ഞത്. ബ്രെൻഡ് ക്രൂഡ് ഓയിൽ വില ബാരലിന് 73 ഡോളറിലെത്തി.



മഹാരാഷ്ട്ര, ഹരിയാന എന്നീ സംസ്ഥാനങ്ങളിലെ നിയമ സഭ തെരഞ്ഞെടുപ്പിന് മുന്നോടിയായി ഭരണ കക്ഷിയായ ബിജെപിയുടെ രാഷ്ട്രീയ സാധ്യതകൾ മെച്ചപ്പെടുത്താൻ ഇന്ധന വിലയിലെ ഇളവ് സഹായിക്കുമെന്നാണ് കേന്ദ്ര സർക്കാരിൻറെയും വിലയിരുത്തൽ. പ്രമുഖ പൊതുമേഖലാ കമ്പനികളായ ഇന്ത്യൻ ഓയിൽ, ഭാരത് പെട്രോളിയം കോർപ്പറേഷൻ, ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ(എച്ച്പിസിഎൽ) എന്നിവ പെട്രോൾ, ഡീസൽ എന്നിവയുടെ വിലയിൽ ലിറ്ററിന് രണ്ട് രൂപയുടെ കുറവുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ആഗോള വിപണിയിലെ ചലനങ്ങൾ കണക്കിലെടുത്ത് ഡിസംബറിന് മുൻപ് പ്രഖ്യാപനമുണ്ടായേക്കും. നാണയപ്പെരുപ്പം നിയന്ത്രിക്കാനും പെട്രോൾ, ഡീസൽ വിലയിലെ കുറവ് സഹായകമാകും.

ചൈനയിലെയും അമെരിക്കയിലെയും സാമ്പത്തിക തളർച്ച കാരണം എണ്ണ ഉപയോഗം കുറയുന്നതാണ് ക്രൂഡ് വിലയിൽ കുറവുണ്ടാക്കുന്നത്. അമെരിക്കയിൽ എണ്ണ ശേഖരം കുറഞ്ഞുവെന്ന വാർത്തകളും ഒപെക് രാജ്യങ്ങൾ ഉത്പാദനം നിയന്ത്രിക്കാൻ തീരുമാനിച്ചിട്ടും ക്രൂഡ് വില താഴേക്ക് നീങ്ങുകയാണ്. ഇതോടെ പൊതുമേഖലാ കമ്പനികളുടെ റിഫൈനിങ് മാർജിൻ മെച്ചപ്പെട്ടു. ഒരു വർഷത്തിലധികമായി എണ്ണ വില 90 ഡോളറിനടുത്ത് തുടർന്നതിനാൽ കമ്പനികളുടെ ലാഭത്തിൽ വലിയ കുറവുണ്ടായിരുന്നു. എന്നാൽ വില കുറഞ്ഞതോടെ പെട്രോളിൻറെയും ഡീസലിൻറെയും വില കുറയ്ക്കാനുള്ള അനുകൂല സാഹചര്യമാണെന്ന് പെട്രോളിയം ഡീലർമാർ പറയുന്നു.



# കെ സ്റ്റോറുകൾക്ക് ജനങ്ങൾക്കിടയിൽ വൻ സ്വീകാര്യതയെന്ന് മന്ത്രി ജി.ആർ അനിൽ

**തിരുവനന്തപുരം:** സംസ്ഥാനത്തെ പൊതുവിതരണ ശൃംഖലയെ ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ, കൂടുതൽ സാധനങ്ങളും സേവനങ്ങളും ലഭ്യമാക്കി ജനോപകാരപ്രദമാക്കി ശക്തിപ്പെടുത്താൻ ലക്ഷ്യമിടുന്നതാണ് കെ സ്റ്റോറുകളെന്ന് ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി ജി.ആർ അനിൽ പറഞ്ഞു. കെസ്റ്റോറുകൾക്ക് ഗ്രാമീണ ജനങ്ങൾക്കിടയിൽ വൻ സ്വീകാര്യതയാണ് ലഭിച്ചതെന്നും മന്ത്രി അറിയിച്ചു. ഓണത്തിന് മുൻപ് ആയിരം കെസ്റ്റോറുകളെന്ന ലക്ഷ്യത്തിന്റെ പൂർത്തീകരണവും അമ്പൂരി ഗ്രാമപഞ്ചായത്തിലെ കൂട്ടപ്പൂവിൽ പ്രവർത്തിക്കുന്ന 46ആം നമ്പർ റേഷൻകടയെ കെസ്റ്റോറായി ഉയർത്തുന്ന ചടങ്ങും ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.

രണ്ടാം ഇടതുപക്ഷ സർക്കാർ നിലവിൽ വന്നശേഷം ഭക്ഷ്യപൊതുവിതരണ വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കിയ നിരവധി നൂതന പദ്ധതികളിൽ പ്രധാനപ്പെട്ടതാണ് കേരളാ സ്റ്റോർ. അടുത്ത ഒരു വർഷത്തിനകം രണ്ടായിരം കെസ്റ്റോറുകൾ സംസ്ഥാനത്ത് നടപ്പാക്കുമെന്നും പൊതുവിതരണരംഗത്ത് രാജ്യത്തിന് മാതൃകയായ കേരളത്തിന്റെ, റേഷൻ കടകളുടെ വൈവിധ്യവത്കരണം ലക്ഷ്യമിട്ട് നടപ്പാക്കിയ കെസ്റ്റോർ പദ്ധതിയും മാതൃക സൃഷ്ടിക്കുമെന്നും മന്ത്രി അറിയിച്ചു.

സർക്കാരിന്റെ നാലാം വാർഷികത്തോടനുബന്ധിച്ച് തയാറാക്കിയ 100 ദിന കർമ പരിപാടിയുടെ ഭാഗമാണ് ഓണത്തിന് മുൻപ് ആയിരം കെസ്റ്റോറുകൾ എന്ന പദ്ധതി. കഴിഞ്ഞ 15 മാസത്തിനുള്ളിൽ കെ സ്റ്റോറുകളിലൂടെ വിവിധ സേവനങ്ങൾ വഴി 8.1 കോടി രൂപയുടെ വിൽപനയാണ് നടന്നത്. 2023 ജൂണിലാണ് കെസ്റ്റോർ പദ്ധതിക്ക് തുടക്കമാകുന്നത്.

നിലവിൽ റേഷൻ കാർഡുകൾക്ക് ലഭിക്കുന്ന ഭക്ഷ്യധാന്യങ്ങൾക്ക് പുറമേ ശബരി ,മിൽമ ഉത്പന്നങ്ങളും അഞ്ച് കിലോ തൂക്കമുള്ള ഛോട്ടു ഗ്യാസ് സിലിണ്ടറുകളും കെസ്റ്റോറുകളിൽ ലഭിക്കും.

ഇലക്ട്രിസിറ്റി ബിൽ, ടെലഫോൺ ബിൽ എന്നിവയുടെ അടവ്, പഞ്ചായത്ത് വില്ലേജ്സപ്ലൈ ഓഫീസുകളിൽ നിന്നുള്ള ഓൺലൈൻ സേവനങ്ങൾ ഉൾപ്പെടെ 52 ഇനം സേവനങ്ങൾ, 10,000 രൂപ വരെയുള്ള ബാങ്കിങ് സൗകര്യങ്ങൾ എന്നിവയും കെസ്റ്റോറിലുണ്ട്. കൂടാതെ വ്യവസായ,വാണിജ്യ വകുപ്പിന് കീഴിലുള്ള എം.എസ്.എം.ഇ യൂണിറ്റുകളിൽ നിന്നുള്ള ഉത്പന്നങ്ങളും കെസ്റ്റോറുകൾ വഴി വിപണനം നടത്തുന്നുണ്ട്.

കൂട്ടപ്പൂവിൽ പ്രവർത്തനമാരംഭിച്ച കെസ്റ്റോറിലെ ആദ്യ വിൽപന മന്ത്രി ജി.ആർ അനിൽ നിർവഹിച്ചു. അമ്പൂരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വത്സലാ രാജു അധ്യക്ഷയായിരുന്നു. തേക്കുപാറ വാർഡ് മെമ്പർ നിസാർ, ജില്ലാ സപ്ലൈ ഓഫീസർ അജിത്കുമാർ.കെ, താലൂക്ക് സപ്ലൈ ഓഫീസർ അനിൽ കുമാർ ജെ എന്നിവരും പങ്കെടുത്തു.

# പരിസ്ഥിതി സൗഹൃദ ഭക്ഷണ പാക്കിംഗ് വികസിപ്പിച്ച കുസാറ്റ് ഗവേഷകയ്ക്ക് 27 ലക്ഷം രൂപയുടെ ഫെല്ലോഷിപ്പ്



**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ (കുസാറ്റ്) സ്കൂൾ ഓഫ് ഇൻഡസ്ട്രിയൽ ഫിഷറീസിലെ ഗവേഷകയായ സ്റ്റെഫി സൈമണിന് കേന്ദ്ര ശാസ്ത്ര സാങ്കേതിക മന്ത്രാലയത്തിൻറെ വൈസ് ഫെലോഷിപ്പ് ലഭിച്ചു. സ്റ്റെം മേഖലകളിൽ ബെഞ്ച് ലെവൽ ശാസ്ത്രജ്ഞരായി ഗവേഷണം നടത്താൻ ആഗ്രഹിക്കുന്ന 27 നും 45 നും ഇടയിൽ പ്രായമുള്ള വനിതാ ശാസ്ത്രജ്ഞർക്കും സാങ്കേതിക വിദഗ്ധർക്കും അടിസ്ഥാന, പ്രായോഗിക ശാസ്ത്രങ്ങളിൽ ഡോക്ടറൽ ഗവേഷണം നടത്താനാണ് വൈസ്പി.എച്ച്.ഡി ഫെലോഷിപ്പ് ഏർപ്പെടുത്തിയിരിക്കുന്നത്. ലൈഫ് സയൻസ് വിഭാഗത്തിലാണ് സ്റ്റെഫിക്ക് ഫെല്ലോഷിപ്പ് ലഭിച്ചിട്ടുള്ളത്. പ്രതമാസ പ്രതിമാസ ഫെല്ലോഷിപ്പും റിസർച്ച് ഉൾപ്പടെ 27 ലക്ഷം രൂപയാണ് ലഭിക്കുക.'പട്ടാളപ്പുഴുവിൽ (ബ്ലാക്ക് സോൾജിയർ ഫ്ലൈ) നിന്ന് ജൈവ ഭക്ഷ പാക്കേജുകൾ വികസിപ്പിച്ചതാണ് സ്റ്റെഫിയുടെ പ്രോജക്ട്.

ആലപ്പുഴ സ്വദേശിനിയായ സ്റ്റെഫി, സ്കൂൾ ഓഫ് ഇൻഡസ്ട്രിയൽ ഫിഷറീസിലെ ഡയറക്ടറും അസോസിയേറ്റ് പ്രൊഫസറുമായ ഡോ. എസ്. സാബുവിന്റെ കീഴിലാണ് ഗവേഷണം നടത്തുന്നത്.2019 ൽ സ്കൂൾ ഓഫ് ഇൻഡസ്ട്രിയൽ ഫിഷറീസിൽ നിന്ന് ഫിഷറീസ് സയൻസിലെ എംഫിൽ ഗവേഷണത്തിനിടെ, ചെമ്മീൻറെ തൊലിയിൽ നിന്ന് വേർതിരിച്ച് എടുത്ത ചിറ്റോസൻ, നാരങ്ങയുടെ തൊലി, ഗ്രീൻ ടീയുടെ ഇല, എന്നിവയുടെ സത്തിൽ നിന്ന് കടൽവിഭവങ്ങൾ ഫ്രഷായി സൂക്ഷിക്കാൻ സഹായിക്കുന്ന കോട്ടിംഗ് വികസിപ്പിച്ചു. വിവിധ അന്താരാഷ്ട്ര ജേണലുകളിലും കോൺഫറൻസുകളിലും തന്റെ എംഫിൽ ഗവേഷണ ഫലം പ്രസിദ്ധീകരിച്ചു. ബ്ലാക്ക് സോൾജിയർ ഫ്ളൈ എന്ന പട്ടാളപ്പുഴുവിൽ നിന്ന് ഖരമാലിന്യങ്ങളുടെ ജൈവ വിഘടനം ലോകമെമ്പാടും ശ്രദ്ധ നേടിയ പശ്ചാത്തലത്തിലാണ് ഭക്ഷ്യ പാക്കേജിംഗിൽ പ്ലാസ്റ്റിക്കിന് പകരമായി ഒരു നൂതന ജൈവ പാക്കേജിംഗ് വികസിപ്പിച്ചത്, പരിസ്ഥിതി മലിനീകരണം കുറയ്ക്കുന്നതിന് ഈ ഗവേഷണം ഏറെ സഹായിക്കും.



# സ്പോർട്സ് കിറ്റുകളുടെ വിതരണം നടത്തി

**കോലഞ്ചേരി :** വടവുകോട് ബ്ലോക്ക് പഞ്ചായത്ത് ഗവ. എൽ.പി. എസ്. വടവുകോടിന് നൽകിയ സ്പോർട്സ് കിറ്റുകളുടെ വിതരണം നടത്തി. പി.ടി.എ. പ്രസിഡന്റ് സതീശൻ എ.ടിയുടെ അദ്ധ്യക്ഷതയിൽ ബ്ലോക്ക് പഞ്ചായത്ത് വികസന കാര്യ സ്റ്റാൻ്റിംഗ് കമ്മിറ്റി ചെയർമാൻ ജൂബിൽ ജോർജ് വിതരണോദ്ഘാടനം നിർവ്വഹിച്ചു. പ്രധാനാധ്യാപകൻ കൃഷ്ണൻ കുട്ടി. എം.കെ.,അനിൽ.ടി., രാജേഷ്.ഇ. ആർ. ആതിര സി.എസ്. എന്നിവർ സംസാരിച്ചു.

# അങ്കണവാടി വർക്കർ ഒഴിവ്

**നെടുംകണ്ടം:** വനിതാ ശിശുവികസന വകുപ്പ് നെടുംകണ്ടം പ്രോജക്ട് പരിധിയിലെ നെടുംകണ്ടം, കരുണാപുരം പഞ്ചായത്തുകളിലെ അങ്കണവാടികളിൽ അടുത്ത മൂന്ന് വർഷക്കാലത്തേയ്ക്ക് വരാൻ സാധ്യതയുള്ള അങ്കണവാടി വർക്കർ ഒഴിവുകളിലേയ്ക്ക് സ്ഥിര നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷകർ അതാത് പഞ്ചായത്തിലെ സ്ഥിരതാമസക്കാരായ വനിതകൾ ആയിരിക്കണം. പ്രായപരിധി 2024 ജനുവരി ഒന്നിന് 18 നും 46 നും ഇടയിൽ. എസ് സി /എസ് ടി വിഭാഗത്തിൽപ്പെട്ടവർക്ക് നിയമാനുസൃത വയസിളവ് ലഭിക്കും. വർക്കർ തസ്തികയിലേയ്ക്ക് അപേക്ഷിക്കുന്നവർ എസ് എസ് എൽ സി വിജയിച്ചിരിക്കണം.

സാമൂഹ്യ ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികൾ, ഒരുവർഷത്തിനുമേൽ പ്രവർത്തിപരിചയം ഉള്ളവർ, 40 വയസ്സിനുമേൽ പ്രായമുള്ളവർ, വിധവകൾ, ദാരിദ്രരേഖയ്ക്ക് താഴെയുള്ളവർ എന്നിവർക്ക് മുൻഗണന ലഭിക്കും.

അപേക്ഷകൾ സെപ്റ്റംബർ 09 മുതൽ 25 വരെ നെടുംകണ്ടം ഐസിഡിഎസ് പ്രോജക്ട് ആഫീസിൽ സ്വീകരിക്കും. അപേക്ഷാ ഫോമുകൾ അതാത് പഞ്ചായത്ത് ആഫീസിൽ നിന്നും നെടുംകണ്ടം ഐസിഡിഎസ് ആഫീസിൽ നിന്നും ലഭിക്കും. ഫോൺ: 9400916175, 9447776364

# ട്രെയിനുകൾക്ക് കവച് സുരക്ഷ കേരളത്തിലും; തുടക്കം ഷൊർണൂർ എറണാകുളം സെക്ഷനിൽ

**തിരുവനന്തപുരം:** ട്രെയിനുകളുടെ കൂട്ടിയിടി ഒഴിവാക്കുന്ന 'കവച്' സുരക്ഷാ സംവിധാനം കേരളത്തിലും വരുന്നു. 106 കിലോമീറ്ററുള്ള ഷൊർണൂർ എറണാകുളം സെക്ഷനിലാണ് പദ്ധതി ആദ്യം നടപ്പാക്കുക. വിവിധ സംസ്ഥാനങ്ങളിലായി 7228 കിലോമീറ്റർ പാതയിലാണ് 2200 കോടി രൂപ ചെലവിൽ പദ്ധതി ഈ വർഷം നടപ്പാക്കാൻ കരാർ ക്ഷണിച്ചത്. റേഡിയോ ഫ്രീക്വൻസി അധിഷ്ഠിതമായി പ്രവർത്തിക്കുന്ന കവച് ലോക്കോ പൈലറ്റുമാർക്ക് സിഗ്നൽ സംബന്ധിച്ച് മുന്നറിയിപ്പ് നൽകും.

ചുവന്ന സിഗ്നൽ തെറ്റായി മറികടന്നാൽ ഓട്ടമാറ്റിക് ബ്രേക്ക് പ്രവർത്തിച്ച് ട്രെയിൻ നിൽക്കും. രാജ്യത്തെ 68,000 കിലോമീറ്റർ ട്രാക്ക് ശൃംഖലയിൽ 1465 കിലോമീറ്ററിൽ ഇപ്പോൾ ഈ സംവിധാനമുണ്ട്.

3000 കിലോമീറ്ററിൽ സ്ഥാപിക്കാനുള്ള ജോലി നടന്നു വരുന്നു. ഇതിനു പുറമേയാണ് പുതിയ കരാർ ഓട്ടമാറ്റിക് സിഗ്നലിങ് ഉള്ള റൂട്ടുകളിൽ കവച് നിർബന്ധമാണ്.

എറണാകുളം ഷൊർണൂർ പാതയിൽ ഓട്ടമാറ്റിക് സിഗ്നലിങ് പ്രാരംഭ പ്രവർത്തനങ്ങൾ നടക്കുന്നു.

# 37 കോടി രൂപ ചെലവ്; കന്യാകുമാരിയിൽ കണ്ണാടി നടപ്പാലം ഡിസംബറിൽ തുറക്കും

**നാഗർകോവിൽ:** കന്യാകുമാരിയിൽ വിവേകാനന്ദ പാറയ്ക്കും തിരുവള്ളുവർ പ്രതിമയ്ക്കും മധ്യേ 37 കോടി രൂപ ചെലവിൽ പണിതു വരുന്ന കണ്ണാടി നടപ്പാലത്തിന്റെ നിർമാണം വരുന്ന ഡിസംബറിനുള്ളിൽ പൂർത്തിയാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നതായി തമിഴ്നാട് പൊതുമരാമത്ത് വകുപ്പ് മന്ത്രി ഇ.വി.വേലു. 77 മീറ്റർ നീളവും 10 മീറ്റർ വീതിയിലുമായി നിർമിക്കുന്ന പാലത്തിന്റെ നിർമാണപുരോഗതി വിലയിരുത്താൻ എത്തിയതായിരുന്നു അദ്ദേഹം.തിരുവള്ളുവർ പ്രതിമയ്ക്കു സമീപം ബെയ്സ്മെന്റ് സ്ഥാപിച്ച് തിരുവള്ളുവർ പ്രതിമ, വിവേകാനന്ദ പാറ എന്നിവയ്ക്കു സമീപം കോൺക്രീറ്റ് തൂണുകൾ സ്ഥാപിക്കുന്ന ജോലികൾ പൂർത്തിയായതായി മന്ത്രി അറിയിച്ചു.

ഡിസംബർ മാസത്തിനുള്ളിൽ പണി പൂർത്തിയാക്കാൻ നിർദേശിച്ചിട്ടുള്ളതായി മന്ത്രി അറിയിച്ചു. വിവേകാനന്ദ പാറയ്ക്കു സമീപം 33.80 കോടി രൂപ ചെലവിൽ 100 മീറ്റർ നീളത്തിൽ പണിതു വരുന്ന ബോട്ട്ജെട്ടിയുടെ പണി പുരോഗമിച്ചു വരുന്നതായി മന്ത്രി പറഞ്ഞു. നിർമാണം പൂർത്തിയായാൽ 3 ബോട്ടുകൾക്ക് ഒരേ സമയം വന്നു നിൽക്കാൻ സാധിക്കും.



2025 ജനുവരിക്കുള്ളിൽ ഇതിന്റെ പണികൾ പൂർത്തിയാകും. മന്ത്രി ടി.മനോ തങ്കരാജ്, കലക്ടർ ആർ.അഴകുമീന, നാഗർകോവിൽ മേയർ ആർ.മഹേഷ്, എംഎൽഎമാരായ ജെ.ജി.പ്രിൻസ്. എസ്.രാജേഷ്കുമാർ, താരകൈ കത്ബർട്ട്, പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ ഒപ്പമുണ്ടായിരുന്നു.

## സികാസ ഏകദിന സെമിനാർ നടത്തി

**കൊച്ചി:** സതേൺ ഇന്ത്യ ചാർട്ടേഡ് അക്കൗണ്ടന്റ്സ് സ്റ്റുഡന്റ്സ് അസോസിയേഷന്റെ (സികാസ) എറണാകുളം ബ്രാഞ്ച് സെമിനാർ ഗോകുലം കൺവെൻഷൻ സെന്ററിൽ സംഘടിപ്പിച്ചു. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേർഡ് അക്കൗണ്ടന്റ്സ് ഓഫ് ഇന്ത്യ പ്രസിഡന്റ് രഞ്ജീത് കുമാർ അഗർവാൾ ഉദ്ഘാടനം ചെയ്തു. ചാർട്ടേഡ് അക്കൗണ്ടന്റുമാർക്കും സി എ വിദ്യാർഥികൾക്കും ഐ സി എ ഐ വരുത്തിയ ഡിജിറ്റൽ പരിവർത്തനത്തെക്കുറിച്ച് അദ്ദേഹം സംസാരിച്ചു.

വിദ്യാർഥികളുടെ പ്രൊഫഷണൽ വികസനത്തിനും വ്യക്തിഗത വളർച്ചയ്ക്കും വേണ്ടിയുള്ള വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നതിൽ സികാസയുടെ എറണാകുളം ബ്രാഞ്ച് എന്നും മുൻപന്തിയിലാണെന്ന് ഐസിഎഐയുടെ സികാസ എറണാകുളം ബ്രാഞ്ച് ചെയർമാൻ രൂപേഷ് രാജഗോപാൽ പറഞ്ഞു.

## പുത്തൻകുരിശിൽ മാനവം സാംസ്ക്കാരിക സമ്മേളനം

**കോലഞ്ചേരി:** മാനവം കലാ സാംസ്ക്കാരിക ഫോറത്തിന്റെ രണ്ടാമത്തെ സാംസ്ക്കാരിക സമ്മേളനം ശനിയാഴ്ച പകൽ 3ന് പുത്തൻകുരിശ് ഗവ. യു.പി. സ്കൂൾ ഹാളിൽ നടക്കും.

പ്രസിഡന്റ് വി.ജി.സനിമോന്റെ അധ്യക്ഷതയിൽ കേന്ദ്ര സാഹിത്യ അക്കാദമി ഭാഷാ സമ്മാൻ ജേതാവ് ഡോ. കെ.ജി. പൗലോസ് സമ്മേളനം ഉദ്ഘാടനം ചെയ്യും. കവി ജയകുമാർ ചെങ്ങമനാട് മുഖ്യ പ്രഭാഷണം നടത്തും. അബുദാബി ശക്തി അവാർഡ് ജേതാവ് മഞ്ജു വൈഖരിയെ പഞ്ചായത്ത് പ്രസിഡന്റ് സോണിയ മുരുകേശൻ ആദരിക്കും.

ആശൈകുമാറിന്റെ കവിതാസമാഹാര പ്രകാശനവും, പ്രതിഭാ സംവാദവും ചടങ്ങിൽ നടക്കും.

## സ്നേഹ മെന്റൽ ഹെൽത്ത് പ്രോഗ്രാം മരുന്നുവിതരണം

**പൊന്നുരുന്നി:** എറണാകുളംഅങ്കമാലി അതിരൂപതാ സാമൂഹ്യപ്രവർത്തന വിഭാഗമായ സഹൃദയ മാനസികരോഗികളുടെ ക്ഷേമ, പുനരധിവാസപ്രവർത്തനങ്ങൾക്കായി നടപ്പാക്കിവരുന്ന സ്നേഹ മാനസികാരോഗ്യ പദ്ധതിയുടെ ഭാഗമായി രോഗീ പരിചരണം നടത്തുന്നവർക്കുള്ള ബോധവത്കരണ ക്ളാസും സൗജന്യ മരുന്നുവിതരണവും നടത്തി.

സഹൃദയ ഓഡിറ്റോറിയത്തിൽ ഡയറക്ടർ ഫാ. ജോസ് കൊളുത്തുവെള്ളിലിന്റെ അധ്യക്ഷതയിൽ ചേർന്ന സമ്മേളനം അതിരൂപതാ വികാരി ജനറൽ ഫാ. വർഗീസ് പൊട്ടയ്ക്കൽ ഉദ്ഘാടനം ചെയ്തു. കാത്തലിക്ക് നിയർ ഈസ്റ്റ് വെൽഫെയർ അസോസിയേഷൻ ഓപ്പറേഷൻസ് മാനേജർ ജോബി കുര്യൻ മരുന്നുവിതരണത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു.

സഹൃദയ അസിസ്റ്റന്റ് ഡയറക്ടർ ഫാ. സിബിൻ മനയംപിള്ളി, പ്രോജക്ട് മോണിറ്ററിംഗ് ഇൻചാർജ് ഫാ. ജോസഫ് കൊടിയൻ , പ്രോഗ്രാം കോഓർഡിനേറ്റർ സിസ്റ്റർ ജൂലി, എന്നിവർ സംസാരിച്ചു. ഇൻക്ലൂസിസ് ഓർഗ് ഫൗണ്ടേഷൻ എച്ച് ആർ മാനേജർ സെലിൻ പോൾ ക്ളാസ് നയിച്ചു.

# എല്ലാ സ്കൂൾ കെട്ടിടങ്ങളും സഞ്ചയ ഡാറ്റ ബേസിൽ ഉൾപ്പെടുത്തും

**മലപ്പുറം:** സർക്കാർ എയ്ഡഡ് സ്കൂൾ കെട്ടിടങ്ങളുടെ ശരിയായ വിസ്തീർണ്ണം അസ്സസ്മെന്റ് രജിസ്റ്ററിൽ ചേർത്തിട്ടില്ലാത്തതിനാൽ പെർമിറ്റ്/ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നതിന് തടസം നേരിടുന്ന സാഹചര്യം ഒഴിവാക്കുന്നതിന്, ഇത്തരം കെട്ടിടങ്ങളുടെ പുതുക്കിയ വിവരം സഞ്ചയ ഡാറ്റാ ബേസിൽ ഉൾപ്പെടുത്തുമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം.ബി. രാജേഷ് അറിയിച്ചു. ഇത് സംസ്ഥാനത്ത് പൊതുവേ നിലനിൽക്കുന്ന പ്രശ്നമാണ്, മലപ്പുറത്ത് ഈ പ്രശ്നം കൂടുതലാണ്. എടയൂർ പഞ്ചായത്തിലെ മാവണ്ടിയൂർ ബി.എച്ച്.എസ്.എസ്, വടക്കുംപുറം എ.യു.പി സ്കൂൾ, ആതവനാട് പുന്നത്തല എ.എം.യു.പി സ്കൂൾ, കല്ലിങ്കൽ പറമ്പിൽ എം.എസ്.എം ഹയർ സെക്കൻഡറി സ്കൂൾ എന്നീ സ്കൂളുകൾക്ക് വേണ്ടി എയ്ഡഡ് സ്കൂൾ മാനേജ്മെൻറ് അസോസിയേഷൻ തദ്ദേശ അദാലത്തിൽ സമർപ്പിച്ച അപേക്ഷയിലാണ് നടപടി. സംസ്ഥാനത്തെ നൂറുകണക്കിന് സ്കൂളുകൾക്ക് ഗുണകരമാവുന്ന തീരുമാനമാണ് കൈക്കൊണ്ടിരിക്കുന്നത്.

പല സ്കൂൾ കെട്ടിടങ്ങൾക്കും വളരെ പഴയ കെട്ടിടമാണ് ഇപ്പോഴുമുള്ളത്. ഇവ പ്രവർത്തിക്കുന്നതും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കുന്നതുമാണ്. എന്നാൽ ഇത്തരത്തിലുള്ള പല പഴയ കെട്ടിടങ്ങളുടെയും രേഖ പഞ്ചായത്തിലോ സഞ്ചയ ഡേറ്റാബേസിലോ ഇല്ല. സ്കൂളുകൾക്ക് നികുതി ഒഴിവുണ്ടായിരുന്നതിനാൽ സ്കൂൾ കെട്ടിടങ്ങളുടെ ശരിയായ വിസ്തീർണ്ണം പലപ്പോഴും ഉൾപ്പെടുത്താതെയും പോയിരുന്നു. ഈ സ്കൂളുകളിൽ പുതിയ കെട്ടിടം നിർമ്മിക്കാൻ പെർമിറ്റിന് അപേക്ഷിക്കുമ്പോഴും ഫിറ്റ്നസ് സംബന്ധമായ ആവശ്യങ്ങൾ വരുമ്പോഴും, പ്ലോട്ടിലെ പല കെട്ടിടങ്ങളും രേഖകളിൽ ഇല്ല എന്ന സ്ഥിതി വരുന്നു. ഈ സാഹചര്യത്തിൽ സംസ്ഥാനത്തെ മുഴുവൻ സ്കൂളുകൾക്കും ബാധകമാകുന്ന വിധത്തിൽ കെട്ടിടങ്ങൾ സഞ്ചയ ഡാറ്റാബേസിൽ ഉൾപ്പെടുത്തുന്നതിന് പൊതുനിർദേശം നൽകി. ഈ കെട്ടിടങ്ങൾ ക്രമവത്കരിക്കണം എന്ന നിർദേശം സ്കൂളുകൾക്ക് നൽകുകയും, പല കെട്ടിടങ്ങളും നിലവിലേ കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാത്തതിനാൽ ക്രമവത്കരിക്കാൻ കഴിയാത്ത സ്ഥിതിയുമുണ്ടാവുന്നു. സ്കൂളുകൾക്ക് ഭീമമായ ബാദ്ധ്യതയും ഇതുമൂലമുണ്ടാവുന്നു. ഈ പ്രശ്നത്തിനാണ് തദ്ദേശ അദാലത്തിൽ പരിഹാരമായിരിക്കുന്നത്.

കെട്ടിടം നേരത്തേ നിലവിൽ ഉണ്ടായിരുന്നു എന്ന് തെളിയിക്കാൻ മതിയായ രേഖകൾ ഹാജരാക്കുന്ന പക്ഷം കെട്ടിടങ്ങൾ ഡാറ്റ പ്യൂരിഫിക്കേഷനിലൂടെ സഞ്ചയ ഡാറ്റ ബേസിൽ സെക്രട്ടറിമാർ ഉൾപ്പെടുത്തേണ്ടതാണ് എന്ന് മന്ത്രി നിർദേശിച്ചു. ഇതിനായി സ്കൂളുകൾക്ക് മുൻവർഷങ്ങളിൽ ലഭിച്ചിട്ടുള്ള ഫിറ്റ്നസ് സർട്ടിഫിക്കറ്റുകൾ, അതിനായി സൂപ്പർവിഷൻ ചാർജ് അടവാക്കിയ രേഖകൾ, മതിയായ മറ്റെന്തെങ്കിലും രേഖകൾ എന്നിവ സ്കൂൾ അധികൃതർ ഹാജരാക്കണം. ഇങ്ങനെ സമർപ്പിക്കുന്ന രേഖകൾ പരിശോധിച്ച് കെട്ടിട നിർമ്മാണത്തിന്റെ കാലം കണക്കാക്കി, കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് ബാധകമാകുന്നതാണോ എന്ന് പരിശോധിക്കും. കെട്ടിട നിർമ്മാണ ചട്ടങ്ങൾ നിലവിൽ വരുന്നതിനു മുൻപുള്ള കെട്ടിടങ്ങളെ അങ്ങനെയും, അതിന് ശേഷമുള്ള കെട്ടിടങ്ങളെ അതാത് കാലത്തെ നിയമത്തിന് അനുസൃതമായും പരിഗണിച്ചായിരിക്കും നടപടി. നിർമ്മാണ ചട്ടങ്ങൾ ബാധകമാകുന്നതിനു മുൻപ് നിർമ്മിച്ച കെട്ടിടങ്ങൾ യാതൊരു ക്രമവൽക്കരണ ഫീസും ഈടാക്കാതെ സഞ്ചയ ഡാറ്റാബേസിൽ ഉൾപ്പെടുത്താവുന്നതാണ്. ഫിറ്റ്നസ് സർട്ടിഫിക്കറ്റിൽ കെട്ടിടങ്ങളുടെ കാർപെറ്റ് ഏരിയ മാത്രമാണ് ഉണ്ടാവുക. സഞ്ചയ ഡാറ്റാ ബേസിൽ കെട്ടിടത്തിന്റെ യഥാർത്ഥ പ്ലിന്ത് വിസ്തീർണ്ണം ഉൾപ്പെടുത്തുവാൻ എൻജിനീയറിങ് വിഭാഗം റിപ്പോർട്ട് നൽകണം. കൂടാതെ ഫിറ്റ്നസ് സർട്ടിഫിക്കറ്റിൽ ഉൾപ്പെടാതെ വരുന്ന അനുബന്ധ കെട്ടിടങ്ങളായ ടോയ്‌ലറ്റ്, കഞ്ഞിപ്പുര, സ്റ്റേജ് മുതലായ കെട്ടിടങ്ങളുടെ വിസ്തീർണവും ഇതോടൊപ്പം സഞ്ചയ ഡാറ്റ ബേസിൽ ഉൾപ്പെടുത്തണം. അനുബന്ധ കെട്ടിടങ്ങളുടെ വിസ്തീർണം സംബന്ധിച്ച സത്യവാങ്മൂലം സർക്കാർ സ്കൂളുകളിൽ പ്രിൻസിപ്പൽ/ഹെഡ്മാസ്റ്റർ, എയ്ഡഡ് സ്കൂളുകളിൽ മാനേജർ എന്നിവർ മൂന്ന് മാസത്തിനകം സമർപ്പിക്കണമെന്നും മന്ത്രി നിർദേശിച്ചു.

### സപ്ലൈകോ നെല്ല് സംഭരണം

# പിആർഎസ് വായ്പാ വിതരണം തുടങ്ങി

**പത്തനംതിട്ട:** നെല്ലു സംഭരിച്ച് 4 മാസത്തിനു ശേഷം കർഷകർക്ക് പിആർഎസ് വായ്പയായി തുക ലഭിച്ചു തുടങ്ങി. സപ്ലൈകോ നെല്ല് സംഭരിച്ച ജില്ലയിലെ 2278 കർഷകർക്കാണ് വായ്പയായി തുക ലഭിക്കുക. ജില്ലയിൽ നിന്ന് 9771 മെട്രിക് ടൺ നെല്ലാണു സംഭരിച്ചിരുന്നത്. ബാങ്കുകൾക്കു സർക്കാർ നൽകാനുള്ള കുടിശിക വൈകിയതിനാൽ മാസങ്ങളോളം വില ലഭിക്കാതെ കർഷകർ ദുരിതത്തിലായിരുന്നു. എസ്ബിഐ, കനറാ ബാങ്കുകൾ വഴിയാണ് പിആർഎസ് (പാഡി റസീപ്റ്റ് ഷീറ്റ്) വായ്പ നൽകുന്നത്. സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി മൂലമാണ് തുക ലഭിക്കുന്നത് വൈകിയത്.

ഓരോ തവണയും കടം വാങ്ങുന്ന പണം നെല്ലിന്റെ വില ലഭിക്കുമ്പോഴാണ് പലിശ സഹിതം മടക്കി നൽകുന്നത്. ഇത്തവണ അതിനു കഴിയാതെ വന്നതാണ് മിക്ക കർഷകരെയും പ്രയാസത്തിലാക്കിയത്. ജൂലൈ, ഓഗസ്റ്റ് മാസത്തോടെ നിലം ഒരുക്കി കൃഷി ആരംഭിക്കേണ്ടതായിരുന്നു. പണം ലഭിക്കാത്തതിനാൽ പല കർഷകരും കൃഷിയിറക്കാൻ വീണ്ടും കടം വാങ്ങേണ്ട അവസ്ഥയായിരുന്നു. ഇപ്പോൾ ഓണത്തിനു മുൻപെങ്കിലും പണം കിട്ടുന്നു എന്ന ആശ്വാസത്തിലാണു കർഷകർ.

സപ്ലൈകോയ്ക്ക് നൽകുന്ന നെല്ലിന്റെ പണത്തിനു പകരം കർഷകർക്കു നൽകുന്ന നെല്ലു സംഭരണ രസീത് (പിആർഎസ് പാഡി റസീപ്റ്റ് ഷീറ്റ്) അവർ ബാങ്കിൽ നൽകിയാൽ കർഷകരുടെ പേരിൽ വായ്പയായി പണം നൽകുന്ന രീതിയാണ് നെല്ലു സംഭരണത്തിൽ നടക്കുന്നത്. കർഷകർക്ക് നൽകുന്ന പണവും അതിന്റെ പലിശയും തിരിച്ചടയ്ക്കുന്നത് സപ്ലൈകോയാണ്. ഇത് സർക്കാർ അടച്ചു തീരുംവരെ കർഷകർ ബാങ്കിന്റെ കടക്കാരനാണ്. ഇത് സംബന്ധിച്ച കത്തുകൾ കർഷകർക്ക് മുൻപ് കിട്ടിയിരുന്നത് വിവാദമായിരുന്നു. ഇങ്ങനെ കർഷകർ കടക്കാരനാകുന്നത് അവരുടെ സിബിൽ സ്കോറിനെയും ബാധിക്കാറുണ്ടെന്നും ആരോപണമുണ്ട്.

## വരിക്കോലി കെമിസ്റ്റ്സ് കോളേജ് ലേഡീസ് ഹോസ്റ്റൽ മന്ദിരത്തിന്റെ ഉത്ഘാടനം ഇന്ന്

**കോലഞ്ചേരി:** വരിക്കോലി കെമിസ്റ്റ്സ് കോളേജ് ലേഡീസ് ഹോസ്റ്റൽ മന്ദിരത്തിന്റെ ഉത്ഘാടനം ശനിയാഴ്ച ഉച്ചക്ക് 2.30ന് നടക്കുമെന്ന് അധികൃതർ പത്ര സമ്മേളനത്തിൽ അറിയിച്ചു. സംസ്ഥാനത്തെ ഔഷധ വ്യാപാരികളുടെ സംഘടനയായ ഓൾ കേരള കെമിസ്റ്റ്സ് ആന്റ് ഡ്രഗ്ഗിസ്റ്റ്സ് അസോസിയേഷന്റെ എഡ്യൂക്കേഷണൽ സൊസൈറ്റിയുടെ ഉടമസ്ഥതയിലുള്ള കെമിസ്റ്റ്സ് കോളേജ് ഓഫ് ഫാർമസ്യൂട്ടിക്കൽ സയൻസിന്റെ പുതുതായി പണികഴിപ്പിച്ചിട്ടുള്ള ലേഡീസ് ഹോസ്റ്റലാണ് തുറക്കുന്നത്. വടവുകോട് പുത്തൻകുരിശ് പഞ്ചായത്ത് പ്രസിഡന്റ് സോണിയ മുരുകേശന്റെ അധ്യക്ഷതയിൽ അഡ്വ. പി.വി. ശ്രീനിജിൻ എം.എൽ.എ ഹോസ്റ്റൽ മന്ദിരം ഉദ്ഘാടനം ചെയ്യും. കോളേജിലെ ഡിപ്ലോമ കോഴ്സിലെ റാങ്ക് ജേതാക്കൾക്കുള്ള അവാർഡ് വിതരണവും പഠനത്തിൽ മികവു തെളിയിച്ച വിദ്യാർഥികൾക്കുള്ള സ്കോളർഷിപ്പ് വിതരണവും ചടങ്ങിൽ നടക്കും. എറണാകുളം അസിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളർ സന്തോഷ് കെ. മാത്യു. ജില്ലാ പഞ്ചായത്ത് മെമ്പർ ലിസി അലക്സ് തുടങ്ങിയവർ സംബന്ധിക്കും. അയ്യായിരത്തോളം ചതുരശ്ര അടിയിൽ രണ്ടു നിലകളിലായി നിർമ്മിച്ചിട്ടുള്ള കെട്ടിടത്തിൽ 150 കുട്ടികൾക്കുള്ള താമസ സൗകര്യങ്ങളാണ് സജ്ജമാക്കിയിരിക്കുന്നത്.

പത്ര സമ്മേളനത്തിൽ എഡ്യൂക്കേഷണൽ സൊസൈറ്റി ജനറൽ സെക്രട്ടറി എം. ശശിധരൻ, പ്രിൻസിപ്പൽ ഡോ. സി. വിജയ രാഘവൻ, വൈസ് പ്രിൻസിപ്പൽ ഡോ. ജോൺ തോമസ്, അഡ്മിനിസ്ട്രേറ്റീവ് മാനേജർ സുധീഷ് എന്നിവർ സംബന്ധിച്ചു.

## കുസാറ്റ്: എം.ടെക്ക് പ്രോഗ്രാമുകളിൽ സ്പോട്ട് അഡ്മിഷൻ

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ സ്കൂൾ ഓഫ് എൻജിനീയറിംഗിൽ എം.ടെക്ക് (ഫുൾ ടൈം) പ്രോഗ്രാമുകളിൽ ഒഴിവുള്ള സീറ്റുകളിലേക്കായി സെപ്റ്റംബർ 10 ന് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. താൽപര്യമുള്ള വിദ്യാർത്ഥികൾ കുസാറ്റ് സ്കൂൾ ഓഫ് എൻജിനീയറിംഗിൽ അസ്സൽ സർട്ടിഫിക്കറ്റുകളും ഫീസും സഹിതം ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് www.admissions.cusat.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ ബി.ടെക്ക് പ്രോഗ്രാമുകളിൽ ഒഴിവുള്ള സീറ്റുകളിലേക്കായി സെപ്റ്റംബർ 10 ന് മൂന്നാം ഘട്ട സ്പോട്ട് അഡ്മിഷൻ നടത്തുന്നു. എസ്.സി/എസ്.ടി വിഭാഗം മൂന്നാം ഘട്ട സ്പോട്ട് അഡ്മിഷനും ഇതോടൊപ്പം നടക്കും. താൽപര്യമുള്ള വിദ്യാർത്ഥികൾ കുസാറ്റിലെ യൂണിവേഴ്സിറ്റി സെമിനാർ കോംപ്ലെക്സിൽ അസ്സൽ സർട്ടിഫിക്കറ്റുകളും ഫീസും സഹിതം ഹാജരാകണം. രജിസ്ട്രേഷൻ സമയം രാവിലെ 9.00 മുതൽ 10.00 വരെ.അപേക്ഷകരുടെ റാങ്ക് പരിധിയും ഒഴിവുകളും അറിയുന്നതിനായി www.admissions.cusat.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. കൂടുതൽ വിവരങ്ങൾക്ക്, 04842577100 എന്ന നമ്പറിൽ ബന്ധപ്പെടുക.




# അരുവിത്തുറ കോളജിൽ വജ്രജൂബിലി ആഘോഷങ്ങൾക്ക് തിരിതെളിഞ്ഞു

**അരുവിത്തുറ:** അരുവിത്തുറ സെന്റ് ജോർജ് കോളജിൽ വജ്രജൂബിലി ആഘോഷങ്ങൾക്ക് തിരിതെളിഞ്ഞു. ഒരു വർഷം നീണ്ടുഅരുവിത്തുറ ന്മ അരുവിത്തുറ സെന്റ് ജോർജ് കോളജിൽ വജ്രജൂബിലി ആഘോഷങ്ങൾക്ക് തിരിതെളിഞ്ഞു. ഒരു വർഷം നീണ്ടു നിൽക്കുന്ന പരിപാടികളുടെ ഉദ്ഘാടനം പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് നിർവഹിച്ചു. ആന്റോ ആന്റണി എംപി മുഖ്യപ്രഭാഷണം നടത്തി. എംപി ഫണ്ടിൽ നിന്നനുവദിച്ച റിപ്രോഗ്രാഫിക് സെന്ററിന്റെ ഉദ്ഘാടനം ജോസ് കെ. മാണി എംപി നിർവഹിച്ചു. കോളജ് മാനേജർ ഫാ. സെബാസ്റ്റ്യൻ വെട്ടുകല്ലേൽ അധ്യക്ഷത വഹിച്ച ചടങ്ങിൽ മുൻ എംഎൽഎ പി.സി. ജോർജ്, ഈരാറ്റുപേട്ട മുനിസിപ്പൽ ചെയർപേഴ്സൺ സുഹ്റാ അബ്ദുൾ ഖാദർ, പ്രിൻസിപ്പൽ പ്രൊഫ. ഡോ. സിബി ജോസഫ്, ബർസാർ ഫാ. ബിജു കുന്നക്കാട്ട്, വൈസ് പ്രിൻസിപ്പൽ ഡോ. ജിലു ആനി ജോൺ, മുൻ പ്രിൻസിപ്പൽ ഡോ. റെജി വർഗീസ് മേക്കാടൻ, പൂർവ വിദ്യാർഥി സംഘടന പ്രസിഡന്റ് ഡോ. റ്റിറ്റി മൈക്കിൾ തുടങ്ങിയവർ സംസാരിച്ചു. നിൽക്കുന്ന പരിപാടികളുടെ ഉദ്ഘാടനം പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് നിർവഹിച്ചു. ആന്റോ ആന്റണി എംപി മുഖ്യപ്രഭാഷണം നടത്തി. എംപി ഫണ്ടിൽ നിന്നനുവദിച്ച റിപ്രോഗ്രാഫിക് സെന്ററിന്റെ ഉദ്ഘാടനം ജോസ് കെ. മാണി എംപി നിർവഹിച്ചു. കോളജ് മാനേജർ ഫാ. സെബാസ്റ്റ്യൻ വെട്ടുകല്ലേൽ അധ്യക്ഷത വഹിച്ച ചടങ്ങിൽ മുൻ എംഎൽഎ പി.സി. ജോർജ്, ഈരാറ്റുപേട്ട മുനിസിപ്പൽ ചെയർപേഴ്സൺ സുഹ്റാ അബ്ദുൾ ഖാദർ, പ്രിൻസിപ്പൽ പ്രൊഫ. ഡോ. സിബി ജോസഫ്, ബർസാർ ഫാ. ബിജു കുന്നക്കാട്ട്, വൈസ് പ്രിൻസിപ്പൽ ഡോ. ജിലു ആനി ജോൺ, മുൻ പ്രിൻസിപ്പൽ ഡോ. റെജി വർഗീസ് മേക്കാടൻ, പൂർവ്വ വിദ്യാർഥി സംഘടന പ്രസിഡന്റ് ഡോ. റ്റിറ്റി മൈക്കിൾ തുടങ്ങിയവർ സംസാരിച്ചു.

# വ്യവസായങ്ങൾ പൂട്ടിക്കുന്ന തൊഴിലാളികളുടെ നിലപാടിൽ സർക്കാരിന് മൗനം; ആരോപണവുമായി പവിഴം റൈസ് ഗ്രൂപ്പ്

**കൊച്ചി:** കയറ്റിറക്ക് തൊഴിലാളികളുടെ ഭീഷണിയെ തുടർന്ന് പവിഴം റൈസ് ഗ്രൂപ്പ് കൊട്ടാരക്കരയിലെ നെടുവത്തൂരിൽ ആരംഭിക്കാനിരുന്ന ലോജിസ്റ്റിക് സെൻറർ ഉപേക്ഷിക്കേണ്ടി വന്ന സംഭവത്തിൽ നൽകിയ പരാതികളിൽ ഇടപെടാതെ സർക്കാരും മറ്റു ബന്ധപ്പെട്ടവരും മൗനം പാലിക്കുകയാണെന്നു ചെയർമാൻ എൻ. പി ജോർജ് അറിയിച്ചു. മുഖ്യമന്ത്രി പിണറായി വിജയൻ, മന്ത്രിമാരായ കെ. എൻ ബാലഗോപാൽ, പി. രാജീവ്, ജി. ആർ അനിൽകുമാർ, കെ. ബി ഗണേഷ് കുമാർ, പി. പ്രസാദ്, വി. ശിവൻകുട്ടി, പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ, എം. പിമാരായ എൻ. കെ പ്രേമചന്ദ്രൻ, ബെന്നി ബഹന്നാൻ, എൽദോസ് കുന്നപ്പിള്ളി എം എൽ എ, വിവിധ രാഷ്ട്രീയ ട്രേഡ് യൂണിയൻ നേതാക്കൾ, തൊഴിൽ വകുപ്പ്, കൊല്ലം കളക്ടർ, എസ്. പി എന്നിവർക്ക് നേരിട്ടും ഇ മെയിലായുമാണ് പരാതികൾ നൽകിയത്. പരാതിയെക്കുറിച്ച് പിന്നീട് അന്വേഷിച്ചപ്പോൾ ഇവരിൽ പലരും പരാതി കണ്ടിട്ടില്ലെന്ന രീതിയിലാണ് സംസാരിക്കുന്നത്. മറ്റു ചിലർ ചുമട്ടുതൊഴിലാളികൾക്കെതിരെ ഇടപെടാൻ ബുദ്ധിമുട്ടുണ്ടെന്ന നിലപാടും സ്വീകരിക്കുന്നു. യന്ത്രവൽക്യത കയറ്റിറക്കിന് പ്രത്യേക പരിശീലനം ലഭിച്ച തൊഴിലാളികൾക്ക് അറ്റാച്ച്ഡ് വിഭാഗം ചുമട്ടു തൊഴിലാളികളായി രജിസ്ട്രേഷനും ലേബർ കാർഡും ലഭിക്കുന്നതിനു കൊട്ടാരക്കര അസിസ്റ്റന്റ് ലേബർ ഓഫീസർക്കു സമർപ്പിച്ച അപേക്ഷ



എൻ. പി ജോർജ്

നിരസിച്ചതും തിരിച്ചടിയായി. അറ്റാച്ച്ഡ് കാർഡ് നൽകിയാൽ വർഷങ്ങളായി ഈ പ്രദേശത്ത് ജോലി ചെയ്യുന്ന ബോർഡിൻറെ രജിസ്ട്രേഡ് തൊഴിലാളികൾക്കു തൊഴിൽ നഷ്ടം സംഭവിക്കുമെന്ന വിചിത്ര കാരണം പറഞ്ഞാണ് അപേക്ഷകൾ തള്ളിയതെന്നും എൻ.പി ജോർജ്ജ് പറഞ്ഞു.

കാലം ഇത്രയേറെ പുരോഗമിച്ചിട്ടും യന്ത്രവൽകൃത കയറ്റിറക്കു പോലുള്ള ആധുനിക സംവിധാനങ്ങൾ അനുവദിക്കില്ലെന്ന യൂണിയനുകളുടെ പഴഞ്ചൻ പിടിവാശിയും, വ്യവസായ വളർച്ചക്കു തുരങ്കം വയ്ക്കുന്ന ചുമട്ടു തൊഴിലാളികളുടെ നിലപാടുകളെ പിന്തുണയ്ക്കുന്ന നേതാക്കളും ഉദ്യോഗസ്ഥരും നാടിനു തന്നെ ആപത്താണ്. രാജ്യത്തെ പ്രമുഖ അരി നിർമ്മാണവിതരണ കമ്പനിക്ക് ഉദ്ഘാടന തലേന്ന് തങ്ങളുടെ സംരംഭം ഉപേക്ഷിക്കേണ്ടിവന്നത് സംസ്ഥാനത്തെ ധനമന്ത്രിയുടെ മണ്ഡലത്തിലാണെന്നത് കേരളത്തിലെ വ്യവസായങ്ങൾ നേരിടുന്ന പ്രതിസന്ധി എത്ര വലുതാണെന്നതിൻറെ ഉദാഹരണം കൂടിയാണ്. ഇതിനോട് ചേർന്നു കിടക്കുന്ന പ്രദേശത്തെ എം എൽ എ ഗതാഗത മന്ത്രിയാണെന്നതും ഈ സംഭവത്തിൻറെ പ്രാധാന്യം വർധിപ്പിക്കുന്നു. ഇത്രയേറെ ഭരണ നേതൃത്തിലുള്ളവരുടെ നാട്ടിലെ വ്യവസായ അന്തരീക്ഷം ഇത്രമോശമാണെങ്കിൽ മറ്റിടങ്ങളിലെ സ്ഥിതി എത്ര മാത്രം ദയനീയമായിരിക്കുമെന്നും അദ്ദേഹം ചോദിക്കുന്നു.

തൊഴിലാളികളുടെ ഭീഷണിയും അധികൃതരുടെ നിസ്സഹകരണവും നിലനിൽക്കുമ്പോൾ കോടതിയിൽ നിന്നും അനുകൂല ഉത്തരവ് സമ്പാദിച്ച് ഒരു സ്ഥാപനം നടത്തുകയെന്നത് പ്രായോഗികമല്ല. കമ്പനിക്ക് ലക്ഷങ്ങളുടെ നഷ്ടം സംഭവിച്ചതിനു പുറമേ കോടികളുടെ നിക്ഷേപവും നിരവധി പ്രദേശവാസികൾക്ക് തൊഴിലും ലഭിക്കാവുന്ന ഒരു പ്രസ്ഥാനമാണു ഇതോടെ കൊട്ടാരക്കരയിൽ ഇല്ലാതായത്. നാലോ അഞ്ചോ ആളുകൾ കൊടിയും പിടിച്ചു വന്നാൽ ഏതു വ്യവസായ സ്ഥാപനവും പൂട്ടിക്കാൻ സാധിക്കുന്ന വ്യവസായ അന്തരീക്ഷമാണ് കേരളത്തിലേതെന്നത് ഏറെ നിരാശാജനകമാണ്. അതിനാൽ ചുമട്ടു തൊഴിലാളികളുടെ ഇത്തരം വ്യവസായ വിരുദ്ധ നിലപാടുകളിൽ രാഷ്ട്രീയത്തിനു അധീതമായി സർക്കാരിൻറെയും രാഷ്ട്രീയ ട്രേഡ് യൂണിയൻ നേതാക്കളുടെയും ശക്തമായ ഇടപെടലുകൾ ഉണ്ടാകണമെന്നും അദ്ദേഹം അഭ്യർത്ഥിച്ചു.




# ഓണക്കാലത്ത് റാംബോ സർക്കസ് വീണ്ടും കൊച്ചിയിലെത്തുന്നു

**കൊച്ചി:** ഓണാഘോഷത്തോടനുബന്ധിച്ച് റാംബോ സർക്കസ് വീണ്ടും കൊച്ചിയിൽ പ്രദർശനം നടത്തുന്നു. സെപ്തംബർ 12 മുതൽ 22 വരെ കലൂർ ഗോകുലം കൺവെൻഷൻ സെന്ററിലാണ് റാംബോ സർക്കസ് അരങ്ങേറുക. ഒന്നര മണിക്കൂർ നീളുന്ന സർക്കസ് പ്രകടനത്തിൽ എൽഇഡി ആക്, ലേസർ മാൻ, റിംഗ് ഹെഡ് ബാലൻസ്, ബബിൾ ഷോ, സ്കേറ്റിംഗ്, ഹ്യൂമൻ സ്ലിങ്കി, സ്വോഡ് ആക്, ബൗൺസ് ബാൾ, സൈക്ലിംഗ് ഡ്യുവോ, റോള ബോള, ക്വിക് ചേഞ്ച്, സ്കൈ വാക്ക്, ഏരിയൽ റോപ് തുടങ്ങി നിരവധി ഇനങ്ങളാണ് അവതരിപ്പിക്കുക. അതോടൊപ്പം കുട്ടികൾക്ക് രസിക്കാനും മുതിർന്നവർക്ക് തങ്ങളുടെ കുട്ടിക്കാലത്തേക്ക് തിരികെ പോകാനും സഹായിക്കുന്ന കോമാളികളുടെ പ്രകടനവും അരങ്ങേറും.

12, 13, 18, 19, 20 തിയ്യതികളിൽ ഉച്ചക്ക് ഒന്നരയ്ക്കും വൈകിട്ട് നാലരയ്ക്കും രാത്രി ഏഴരയ്ക്കും മൂന്ന് പ്രദർശനങ്ങൾ അരങ്ങേറും. 14, 15, 16, 17, 21, 22 തിയ്യതികളിൽ മൂന്ന് പ്രദർശനങ്ങളോടൊപ്പം രാവിലെ 11 മണിക്കും പ്രദർശനം അരങ്ങേറും. ടിക്കറ്റുകൾ ബുക്ക് മൈ ഷോയിലും ഗോകുലം കൺവെൻഷൻ സെന്ററിലെ കൗണ്ടറിലും ലഭ്യമായിരിക്കും.

ആലപ്പുഴയിലെ കാർത്തികപ്പള്ളി സ്വദേശിയായ പനച്ചമൂട്ടിൽ തോമസ് ദിലീപിന്റെ ഉടമസ്ഥതയിലുണ്ടായിരുന്ന എറിന സർക്കസ്, ഗ്രേറ്റ് ഓറിയന്റൽ സർക്കസും വിക്ടോറിയ സർക്കസും ചേർത്താണ് 1991 ജനുവരി 26ന് റാംബോ സർക്കസ് സ്ഥാപിച്ചത്. അദ്ദേഹത്തിന്റെ മകൻ സുജിത് ദിലീപാണ് നിലവിൽ റാംബോ സർക്കസിന്റെ ഉടമ. പുതിയ ഇനങ്ങൾ പരീക്ഷിച്ചാണ് സുജിത് ദിലീപ് റാംബോ സർക്കസിനെ ശ്രദ്ധേയമാക്കുന്നത്.

# മുഖ്യമന്ത്രി അറിയാതെ ഒന്നും നടക്കില്ല; പി.വി അൻവർ സിപിഎമ്മിന്റെ ചാവേർ: അഡ്വ. എ.എൻ രാജൻബാബു



**കൊച്ചി:** പി.വി അൻവർ മുഖ്യമന്ത്രിയുടെയും സിപിഎമ്മിന്റെയും ചാവേറാണെന്നും മുഖ്യമന്ത്രി പിണറായി വിജയൻ അറിയാതെ എഡിജിപി അജിത്കുമാറും പൊളിറ്റിക്കൽ സെക്രട്ടറി പി. ശശിയും എന്തെങ്കിലും ചെയ്യുമെന്ന് കേരള ജനത വിശ്വസിക്കില്ലെന്നും ജെ.എസ്.എസ് സംസ്ഥാന ജനറൽ സെക്രട്ടറിയും മുൻ എംഎൽഎയുമായ അഡ്വ. എ. എൻ രാജൻ ബാബു വാർത്താ കുറിപ്പിൽ വ്യക്തമാക്കി. ഇത്രയും ഗുരുതരമായ ആരോപണമുണ്ടായിട്ടും പി. ശശിക്കെതിരെയും എഡിജിപി അജിത്കുമാറിനെതിരെയും നടപടിയെടുക്കാത്തതിൽ നിന്നും കാര്യങ്ങൾ വ്യക്തമാണെന്നും അഡ്വ.എ എൻ രാജൻബാബു പറഞ്ഞു. ദുർഭരണം മൂലം വികൃതമായ മുഖ്യമന്ത്രിയുടെയും സർക്കാരിന്റെയും മുഖം രക്ഷിക്കാനാണ് അൻവറിനെ മുൻനിർത്തി സി.പി.എം നാടകം കളിക്കുന്നത്. സിപിഎം സമ്മേളനങ്ങൾ നടക്കാനിരിക്കേ പാർട്ടിയുടെ നയവ്യതിയാനവും ആഭ്യന്തര വകുപ്പിന്റെ സമ്പൂർണ്ണ പരാജയവും സംബന്ധിച്ചുമുള്ള ചർച്ചകളിൽ നിന്നും മുഖ്യമന്ത്രിയെയും സർക്കാരിനെയും രക്ഷിക്കാനുള്ള ഗൂഢതന്ത്രത്തിന്റെ ഭാഗമാണ് അജിത് കുമാറിനെയും പി. ശശിയെയും മാത്രം കേന്ദ്രീകരിക്കുന്നതെന്ന് മനസിലാക്കാനാള്ള കഴിവ് ജനങ്ങൾക്കുണ്ടെന്നും അഡ്വ. എ. എൻ രാജൻ ബാബു വ്യക്തമാക്കി. സമസ്തമേഖലകളിലും സമ്പൂർണ്ണ പരാജയമായി മാറിയ പിണറായി സർക്കാരിനെതിരെ ശക്തമായ സമരവുമായി ജെഎസ്എസ് രംഗത്തുവരുമെന്നും അഡ്വ.എ. എൻ രാജൻ ബാബു വ്യക്തമാക്കി.

# യുവജനങ്ങൾക്ക് കാര്യക്ഷമമായ തൊഴിലവസരങ്ങൾ ലഭ്യമാക്കും:മന്ത്രി

**കൊച്ചി:** ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലെ അസാപ് കേരളയുടെ ആഭിമുഖ്യത്തിൽ ഐബിഎം ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡുമായി സഹകരിച്ച് സംഘടിപ്പിച്ച ആസ്പയർ) 2024 മെഗാ പ്ലെയ്സ്മെന്റ് ഡ്രൈവ്, എറണാകുളം മുട്ടത്തെ സ്കൂൾ ഓഫ് ടെക്നോളജി ആൻഡ് മാനേജ്മെന്റിൽ മന്ത്രി ആർ ബിന്ദു ഉദ്ഘാടനം ചെയ്തു. വിദ്യാഭ്യാസവും തൊഴിലും തമ്മിലുള്ള വിടവ്, അഥവാ സ്കിൽ ഗ്യാപ് നികത്തി യുവജനങ്ങൾക്ക് തൊഴിലവസരങ്ങൾ ലഭ്യമാക്കുക എന്ന വിഷയത്തിൽ സർക്കാർ പ്രതിജ്ഞാബദ്ധരാണെന്നും തൊഴിലന്വേഷകരെയും തൊഴിൽ ദാതാക്കളെയും തമ്മിൽ ബന്ധിപ്പിച്ച് കൂടുതൽ യുവജനങ്ങൾക്ക് തൊഴിലവസരം ഒരുക്കാനും സർക്കാർ ശ്രമിക്കുന്നുണ്ടെന്നും മന്ത്രി പറഞ്ഞു.അൻവർ സാദത് എം എൽ എ അധ്യക്ഷത വഹിച്ച ചടങ്ങിൽ അസാപ് കേരള ചെയർപേഴ്സൺ ആന്റ് മാനേജിങ് ഡയറക്ടർ ഉഷ ടൈറ്റസ് അസാപ് കേരളയുടെ വിവിധങ്ങളായ സംരംഭങ്ങളെ കുറിച്ച് വിശദീകരിച്ചു. ചടങ്ങിൽ ചൂർണ്ണിക്കര പഞ്ചായത്ത് പ്രസിഡന്റ് രാജി സന്തോഷ്, അസാപ് കേരളം അസ്സോസിയേറ്റ് ഡയറക്ടർ ടിയാരാ സന്തോഷ് തുടങ്ങിയവർ സംസാരിച്ചു.

എറണാകുളം,തൃശൂർ, കോട്ടയം, ഇടുക്കി, ആലപ്പുഴ എന്നീ ജില്ലകൾ കേന്ദ്രീകരിച്ചു സംഘടിപ്പിച്ച ഡ്രൈവിൽ 50ഓളം കമ്പനികളിലായി 1600 ഇലധികം ഉദ്യോഗാർഥികൾ പങ്കെടുത്തു.

ചടങ്ങിൽ മന്ത്രിയുടെ സാന്നിധ്യത്തിൽ അസാപ് കേരളയും ഐ.ബി.എം ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡും തമ്മിലുള്ള ഇന്റേൺഷിപ് പ്ലെയ്സ്മെന്റ് ധാരണാപത്രം കൈമാറി.

# കളമശ്ശേരി കാർഷികോത്സവത്തിന് ഇന്ന് തുടക്കം

## സെപ്തം 13 വരെ നീളുന്ന കാർഷികോത്സവത്തിന്റെ ഒരുക്കങ്ങൾ പൂർത്തിയായി

**കൊച്ചി:**കളമശ്ശേരി കാർഷികോത്സവത്തിന് ഇന്ന് തുടക്കമാകും. സെപ്തം 13 വരെ നീളുന്ന കാർഷികോത്സവത്തിന്റെ ഒരുക്കങ്ങൾ പൂർത്തിയായി. വ്യവസായ മന്ത്രി പി.രാജീവിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന 'കളമശ്ശേരി കാർഷികോത്സവ'ത്തിന്റെ രണ്ടാം പതിപ്പാണിത്. കളമശ്ശേരി ചാക്കോളാസ് പവലിയനിൽ രണ്ട് ലക്ഷം ച. അടി വിസ്തീർണ്ണത്തിലാണ് കാർഷികോത്സവ നഗരി ഒരുക്കിയിട്ടുള്ളത്. വയനാട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ഘോഷയാത്ര ഒഴിവാക്കിയാണ് ഇത്തവണത്തെ കാർഷികോൽസവം. മന്ത്രിമാർ, മറ്റ് ജനപ്രതിനിധികൾ, കാർഷിക കലാസാഹിത്യ വ്യവസായ മേഖലകളിലെ പ്രമുഖർ തുടങ്ങിയവരെല്ലാം പരിപാടിക്കെത്തും.

132 സ്റ്റാളുകളാണ് കാർഷികോൽസവത്തിനായി സജ്ജീകരിച്ചിട്ടുള്ളത്.വിപുലമായ കാർഷിക പ്രദർശന വിപണനമേളയിൽ എല്ലാത്തരം കാർഷികോൽപന്നങ്ങളുമുണ്ടാകും. കൃഷിക്കൊപ്പം കളമശ്ശേരി പദ്ധതിയുടെ ഭാഗമായി കളമശ്ശേരി മണ്ഡലത്തിൽ തുടക്കം കുറിച്ച പുതിയ കാർഷിക വിളകളുടെ വിൽപനയുണ്ടാകും. മണ്ഡലത്തിലെ വിവിധ കേന്ദ്രങ്ങളിൽ പ്രവർത്തനം തുടങ്ങിയ മൂല്യവർധിതയൂണിറ്റുകളിൽ നിന്നുള്ള ഉൽപന്നങ്ങളും ഉണ്ടാകും.

കൃഷി ഉപകരണങ്ങൾ, കൃഷി അനുബന്ധ ഉൽപന്നങ്ങൾ എന്നിവയുമുണ്ടാകും. ഭക്ഷ്യമേളയിൽ തനതു രുചികളായ അട്ടപ്പാടി വനസുന്ദരി ചിക്കൻ, രാമശ്ശേരി ഇഡ്ഡലി, കുടുംബശ്രീ വിഭവങ്ങൾ, കൂവ കൂൺ വിഭവങ്ങൾ, ചെറുധാന്യ വിഭവങ്ങൾ എന്നിവ മുതൽ പ്രമുഖ സ്റ്റാർ ക്യൂസീനുകൾ വരെ അണിനിരക്കും. പ്രമുഖ പാചക വിദഗ്ധൻ ഷെഫ് പിള്ളയുടെ രുചിയും ആസ്വദിക്കാം കാർഷികോൽപന്നങ്ങൾക്കു പുറമേ, കയർ, മുള, കൈത്തറി ഉൽപന്നങ്ങളുടെ സ്റ്റാളുകളും ഉണ്ടാകും. പൊക്കാളി അരി, കടുങ്ങല്ലൂർ കുത്തരി, കാളാഞ്ചി തുടങ്ങിയ വൈവിധ്യമാർന്ന ഉൽപന്നങ്ങളും വിഭവങ്ങളും ഒരുക്കുന്നുണ്ട്. കാർഷികോത്സവ നഗരിയിൽ ഒരുക്കുന്ന ലേലത്തറയിൽ വിൽപന നടത്തുന്ന ഉൽപന്നങ്ങളുടെ ലാഭം വയനാട് ദുരിതാശ്വാസത്തിനായി കൈമാറും. പ്രത്യേക സമ്മാന കൂപ്പണും ഇത്തവണ അവതരിപ്പിച്ചിട്ടുണ്ട്.

750 രൂപയുടെ കൂപ്പണിൽ 1000 രൂപയുടെ ഉൽപനങ്ങൾ വാങ്ങാം. കളമശ്ശേരി മണ്ഡലത്തിലെ കലാകാരൻമാർ അവതരിപ്പിക്കുന്ന കലാപരിപാടികൾ എല്ലാ ദിവസവും അരങ്ങേറും. കാർഷിക സംസ്കൃതി വീണ്ടെടുക്കണമെന്ന സന്ദേശവുമായി 'കടമ്പൻ മൂത്താൻ' മണ്ഡലത്തിന്റെ വിവിധ ഭാഗങ്ങളിൽ പര്യടനം നടത്തി. മേള നഗരിയിലേക്ക് കാർഷികോൽപന്നങ്ങൾ എത്തിക്കാനുള്ള വിളവെടുപ്പുത്സവവും ശനിയാഴ്ച നടക്കും.

സെപ്തംബർ 7 ന് വൈകിട്ട് അഞ്ചിന് കാർഷികോൽസവ ഉദ്ഘാടനം നടക്കും. റവന്യൂ മന്ത്രി കെ. രാജൻ ഉദ്ഘാടനം ചെയ്യും. വ്യവസായ മന്ത്രി പി.രാജീവ് അധ്യക്ഷനാകും. പ്രമുഖ ഗായിക കെ. എസ്. ചിത്ര പ്രദർശന വിപണനമേളയുടെ ഉദ്ഘാടനം നിർവ്വഹിക്കും. പത്മശ്രീ ചെറുവയൽ രാമൻ മുഖ്യാതിഥിയാകും. ഹൈബി ഈഡൻ എം.പി പങ്കെടുക്കും. ഇതിനു ശേഷം ഗസൽ സന്ധ്യ കോഴിക്കോട് റാസാ ബീഗം ആന്റ് ടീം അവതരിപ്പിക്കും.

# അന്താരാഷ്ട്ര ഉന്നതവിദ്യാഭ്യാസ കോൺക്ലേവ് ഡിസംബർ 16 മുതൽ 20 വരെ

**കൊച്ചി:** സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര ഉന്നതവിദ്യാഭ്യാസ കോൺക്ലേവ് തിരുവനന്തപുരത്തും കൊച്ചിയിലുമായി ഡിസംബർ 16 മുതൽ 20 വരെ നടക്കും. ആദ്യ മൂന്ന് ദിവസങ്ങൾ തിരുവനന്തപുരത്തും 19, 20 തീയതികളിൽ കൊച്ചിയിലുമായി വിവിധ വേദികളിലായാണ് കോൺക്ലേവ് നടക്കുന്നത്. അന്താരാഷ്ട്ര വ്യക്തികളും വിദ്യാഭ്യാസവിചക്ഷണരും പങ്കെടുക്കുന്ന ചർച്ചകളും എക്സിബിഷനുകളും പരിപാടികളുടെ ഭാഗമാകും. കോൺക്ലേവിന്റെ വേദികളിലൊന്ന് കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയായിരിക്കും.

കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ തൃക്കാക്കര ക്യാമ്പസ്സിൽ മന്ത്രി ആർ. ബിന്ദുവിന്റെ നേതൃത്വത്തിൽ നടന്ന കോൺക്ലേവിന്റെ ഏകോപനസമിതിയുടെ യോഗത്തിലാണ് ഈ തീരുമാനങ്ങളുണ്ടായത്.

സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിൽ മെമ്പർ സെക്രട്ടറി രാജൻ വർഗീസ്, ഡയറക്ടർ ഓഫ് ടെക്നിക്കൽ എജുക്കേഷൻ ഡോ. ആശാലത, ശ്രീ നാരായണ ഓപ്പൺ സർവകലാശാലയുടെ വൈസ് ചാൻസലർ ഡോ. ജഗതിരാജ് വി.പി, കുസാറ്റ് വിസി ഡോ പി ജി ശങ്കരൻ തുടങ്ങിയവർ സന്നിഹിതരായിരുന്നു.

# ജില്ലാ കലക്ടർമാരുടെ യോഗം ഇന്നും നാളെയും എറണാകുളത്ത്

**കൊച്ചി:** റവന്യൂ, സർവെ വകുപ്പുകളുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ അവലോകനം ചെയ്യുന്നതിനായി ജില്ലാ കലക്ർമാരുടെയും മുതിർന്ന റവന്യു ഉദ്യോഗസ്ഥരുടെയും യോഗം ഇന്നും നാളെയും എറണാകുളത്ത് അബാദ് പ്ലാസയിൽ ചേരും. രാവിലെ 11 റവന്യു മന്ത്രി കെ രാജൻ യോഗം ഉദ്ഘാടനം ചെയ്യും. റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി, ലാൻഡ് റവന്യൂ കമ്മിഷണർ, സർവെ ഡയറക്ടർ തുടങ്ങിയവർ പങ്കെടുക്കും.പട്ടയ സംബന്ധമായ വിഷയങ്ങൾ, ഭൂമി തരമാറ്റ പുരോഗതി, വിഷൻ ആൻഡ് മിഷൻ ( റവന്യു അസംബ്ലി ) പുരോഗതി അവലോകനം, നൂറുദിന പരിപാടി, ഓൺലൈൻ പോക്കുവരവ്, സർക്കാർ ഭൂമി സംരക്ഷണം ഡിജിറ്റൽ സർവെ പുരോഗതി തുടങ്ങിയ വിഷയങ്ങൾ യോഗത്തിൽ അവലോകനം ചെയ്യും.

# രണ്ടു മാസത്തെ ക്ഷേമ പെൻഷൻ നൽകും



**തിരുവനന്തപുരം:** സാമൂഹ്യസുരക്ഷ, ക്ഷേമനിധി പെൻഷൻ ഗുണഭോക്താക്കൾക്ക് രണ്ടു ഗഡു ക്ഷേമ പെൻഷൻ ലഭിക്കും.

ഇതിനായി 1700 കോടി അനുവദിച്ചതായി ധനകാര്യമന്ത്രി കെ എൻ ബാലഗോപാൽ അറിയിച്ചു.62 ലക്ഷത്തോളം പേർക്കാണ് ഓണത്തിന് 3200 രൂപവീതം ലഭിക്കുന്നത്. നിലവിൽ വിതരണം തുടരുന്ന ഒരു ഗഡുവിനെ പുറമെയാണ് രണ്ടു ഗഡുകൂടി അനുവദിച്ചത്. ബുധനാഴ്ച മുതൽ ഇത് ഗുണഭോക്താക്കളുടെ കൈകളിലെത്തും. 26.62 ലക്ഷം പേരുടെ ബാങ്ക് അക്കൗണ്ടിൽ തുക എത്തും. മറ്റുള്ളവർക്ക് സഹകരണ ബാങ്കുകൾ വഴി വീട്ടിലെത്തി പെൻഷൻ കൈമാറും. അനുവദിച്ച രണ്ടു ഗഡുവിൽ ഒരെണ്ണം കുടിശികയാണ്. പണഞെരുക്കം കാരണമുണ്ടായ ക്ഷേമ പെൻഷൻ കുടിശിക ഈ വർഷവും അടുത്ത വർഷവുമായി നൽകുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ നിയമസഭയിൽ വ്യക്തമാക്കിയിരുന്നു.

കേന്ദ്ര സർക്കാർ നയങ്ങൾ മുലം സംസ്ഥാനത്ത് കനത്ത സാമ്പത്തിക ഞെരുക്കം തുടരുമ്പോഴും ഓണക്കാലത്ത് ഒരു ഗഡു കുടിശികയെങ്കിലും നൽകാനുള്ള സർക്കാരിന്റെ ദൃഢനിശ്ചയമാണ് നടപ്പായത്. പെൻഷൻ വിതരണത്തിന് പ്രഥമ മുൻഗണനയാണ് സർക്കാർ നൽകിയിട്ടുള്ളത്. കഴിഞ്ഞ മാർച്ചു മുതൽ പ്രതിമാസ പെൻഷൻ വിതരണം ഉറപ്പാക്കിയിട്ടുണ്ട്. ഈ മാസത്തെ പെൻഷൻ ഓണം പ്രമാണിച്ച് നേരത്തെ നൽകുന്നു.ഇന്ത്യയിലെ ഏറ്റവും സമഗ്രമായ സാമൂഹ്യസുരക്ഷ പെൻഷൻ പദ്ധതി നടപ്പാക്കിയിട്ടുള്ളത് കേരളത്തിലാണ്. ഇതിനാവശ്യമായ പണത്തിന്റെ 98 ശതമാനവും സംസ്ഥാനം കണ്ടെത്തുന്നു. രണ്ടു ശതമാനം മാത്രമാണ് കേന്ദ്ര വിഹിതം. 62 ലക്ഷം ക്ഷേമ പെൻഷൻ ഗുണഭോക്താക്കളിൽ 6.8 ലക്ഷം പേർക്കാണ് ശരാശരി 300 രൂപവരെ സഹായം കേന്ദ്ര സർക്കാരിൽനിന്ന് ലഭിക്കുന്നത്. കേരളത്തിൽ പ്രതിമാസ പെൻഷൻക്കാർക്ക് ലഭിക്കുന്നത് 1600 രുപയും. ബാക്കി മുഴുവൻ തുകയും സംസ്ഥാനം കണ്ടെത്തുന്നു.

# സർക്കാർ ജീവനക്കാർക്ക് 4000 രൂപ ബോണസ്; 2750 രൂപ ഉത്സവ ബത്ത

**തിരുവനന്തപുരം:** ഓണം പ്രമാണിച്ച് സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കും 4000 രൂപ ബോണസ് ലഭിക്കും. ബോണസിന് അർഹത ഇല്ലാത്തവർക്ക് പ്രത്യേക ഉത്സവബത്തയായി 2750 രൂപയും നൽകുമെന്ന് ധനകാര്യ മന്ത്രി കെ എൻ ബാലഗോപാൽ അറിയിച്ചു. സർവീസ് പെൻഷൻകാർക്കും പ്രത്യേക ഉത്സവബത്തയായി 1000 രൂപ അനുവദിച്ചു. പങ്കാളിത്ത പെൻഷൻ പദ്ധതി പ്രകാരം വിരമിച്ച ജീവനക്കാർക്കും പ്രത്യേക ഉത്സവബത്ത ലഭിക്കും. സംസ്ഥാനത്തെ എല്ലാ സർക്കാർ ജീവനക്കാർക്കും ഓണം അഡ്വാൻസായി 20,000 രൂപ അനുവദിക്കും. പാർട്ട് ടൈം, കണ്ടിൻജന്റ് ഉൾപ്പെടെയുള്ള മറ്റു ജീവനക്കാർക്ക് അഡ്വാൻസ് 6000 രൂപയാണ്. കഴിഞ്ഞവർഷം ഉത്സവബത്ത ലഭിച്ച കരാർ, സ്കീം തൊഴിലാളികൾ ഉൾപ്പെടെ എല്ലാ വിഭാഗം ജീവനക്കാർക്കും അതേ നിരക്കിൽ ഈ വർഷവും ഉത്സവ ബത്ത ലഭിക്കുന്നതായിരിക്കും. 13 ലക്ഷത്തിലധികം വരുന്ന ജീവനക്കാരിലേക്കും തൊഴിലാളികളിലേക്കുമാണ് ഓണം പ്രമാണിച്ചുള്ള പ്രത്യേക സഹായം എത്തുക. കേന്ദ്ര സർക്കാർ നയങ്ങൾ മൂലം സംസ്ഥാനം നേരിടുന്ന സാമ്പത്തിക പ്രയാസങ്ങൾക്കിടയിലും ജീവനക്കാരുടെ ഓണം ആനകൂല്യങ്ങളിൽ ഒരു കുറവും വരുത്തേണ്ടതില്ലെന്നാണ് സർക്കാർ തീരുമാനം. കഴിഞ്ഞ വർഷം അനുവദിച്ച എല്ലാ ആനുകൂല്യങ്ങളും ഇത്തവണയും ലഭ്യമാക്കി.



# കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ്, ടെക്നോളജി ആൻഡ് ഇന്നവേഷൻ കുസാറ്റിൽ ആരംഭിക്കും

**കൊച്ചി:** സംസ്ഥാന ഉന്നതവിദ്യാഭ്യാസ വകുപ്പ്പ്രഖ്യാപിച്ച ഏഴു മികവിന്റെ കേന്ദ്രങ്ങളിൽ കേരള ഇൻസ്റിറ്റ്യൂട്ട് ഓഫ് സയൻസ്, ടെക്നോളജി ആൻഡ് ഇന്നവേഷൻ (കിസ്ടി) എന്ന കേന്ദ്രം കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിൽ (കുസാറ്റ്) ആരംഭിക്കും. ഒരു ഓട്ടോണോമസ് കേന്ദ്രമായിട്ടാണ് കിസ്ടി പ്രവർത്തിക്കുകയെന്ന് മന്ത്രി ആർ. ബിന്ദു പ്രഖ്യാപിച്ചു. കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ ലേക്ക്സൈഡ് ക്യാമ്പസ്സിൽ സ്കൂൾ ഓഫ് മറൈൻ സയൻസസിൽ കിഫ്ബി ഫണ്ടഡ് ഇൻസ്ട്രുമെന്റേഷൻ ഫെസിലിറ്റിയും എം.എസ്.സി മറൈൻ ജീനോമിക്സ് പ്രോഗ്രാമും ഉദ്ഘാടനവും ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി. ശാസ്ത്ര സാങ്കേതിക മേഖലയിലെ അനുനിമിഷമുള്ള വളർച്ചയുടെ കാലത്ത് വൈജ്ഞാനികമേഖലയിൽ കാലാനുസാരിയായുള്ള മാറ്റങ്ങൾക്കായി അറിവന്വേഷകർ തയ്യാറെടുക്കുന്നതിനായി വലിയ പ്രോൽസാഹനം നൽകാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. കേരളസമൂഹത്തിനെ സഹായിക്കാൻ പര്യാപ്തമായ പഠനങ്ങൾ നടത്തുന്ന യുവഗവേഷകർക്കായി നൽകുന്ന 500 നവകേരള പോസ്റ്റഡോക്ടറൽ ഫെല്ലോഷിപ്പുകളുടെ പരിധിയിൽ, കൂടുതൽ പ്രതിഭകളെ ഉൾപ്പെടുത്തുന്നതിനായി, പിഎച്ഡിയ്ക്ക് തയ്യാറെടുക്കുന്നവരെക്കൂടി കൊണ്ടുവരാൻ സാധിക്കുമോ എന്നത് പരിശോധനയിലുണ്ടെന്നും മന്ത്രി കൂട്ടിച്ചേർത്തു.

കിഫ്ബിയുടെ ധനസഹായത്തോടെ സംസ്ഥാന സർവകലാശാലകളെ അന്താരാഷ്ട്ര മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി കേരള സർക്കാർ കുസാറ്റിന് വേണ്ടി വകയിരുത്തിയ 240.97 കോടി രൂപയുടെ പദ്ധതിയുടെ ആദ്യ പടിയായി ലേക്ക്സൈഡ് കാമ്പസിൽ 35.57 കോടി രൂപ ചെലവിൽ സ്ഥാപിച്ച 29 ഹൈടെക്ക് ഉപകരണങ്ങളുടെ ഉദ്ഘാടനമാണ് മന്ത്രി നിർവഹിച്ചത്. നൂതന ലബോറട്ടറി ഉപകരണങ്ങൾക്കായി 149.37 കോടി രൂപയും അടിസ്ഥാന സൗകര്യ വികസനത്തിന് 91.60 കോടി രൂപയുമാണ് വകയിരുത്തിയിരുന്നത്. നെക്സ്റ്റ് ജനറേഷൻ സീക്വൻസിംഗ് പ്ലാറ്റ്ഫോം, ഡിഎൻഎ സീക്വൻസർ, കോൺഫോക്കൽ ലേസർ സ്കാനിംഗ് മൈക്രോസ്കോപ്പ്, ഹൈ സ്പീഡ് സെൽ സോർട്ടറുള്ള ഫ്ളോ സൈറ്റോമീറ്റർ, ലേസർ അബ്ലേഷൻ ഇൻഡക്റ്റീവ്ലി കപ്പിൾഡ് പ്ലാസ്മ മാസ് സ്പെക്ട്രോമീറ്റർപാർട്ടിക്കിൾ സൈസ് അനലൈസർ, ഫ്ലൂയിഡ് ഇൻക്ലൂഷൻ സ്റ്റേജ്, പെട്രോളജിക്കൽ മൈക്രോസ്കോപ്പ്,മൈക്രോവേവ് ഫ്യൂഷൻ ഡൈജസ്റ്റർ, ഗ്യാസ് ക്രോമാറ്റോഗ്രാഫ്മാസ് സ്പെക്ട്രോമീറ്റർ, ഹൈറെസല്യൂഷൻ മാസ് സ്പെക്ട്രോമീറ്റർ (എൽസിഎച്ച്ആർഎംഎസ്) ഉള്ള ലിക്വിഡ് ക്രോമാറ്റോഗ്രാഫി, സ്കാനിംഗ് ഇലക്ട്രോൺ മൈക്രോസ്കോപ്പ്, ഗ്രൌണ്ട് പെനെട്രേറ്റിംഗ് റഡാർ (ജിപിആർ), വർക്ക്സ്റ്റേഷനുകളുള്ള ജിയോഇൻഫോർമാറ്റിക്സ് ലാബ് എന്നിവയാണ് കാമ്പസിൽ സജ്ജീകരിച്ചിട്ടുള്ളത്. എറണാകുളം എം.എൽ.എ ടി. ജെ. വിനോദ് അധ്യക്ഷത വഹിച്ച ചടങ്ങിൽ, കുസാറ്റ് വൈസ് ചാൻസലർ പ്രൊഫ. ഡോ.പി.ജി. ശങ്കരൻ, കൊച്ചി മേയർ എം. അനിൽ കുമാർ, മറൈൻ സയൻസസ് ഡീനും സിൻഡിക്കേറ്റ് അംഗവുമായ പ്രൊഫ. ഡോ.എസ്. ബിജോയ് നന്ദൻ, പരിസ്ഥിതിശാസ്ത്ര വകുപ്പ് പ്രൊഫസർ ഡോ.ശിവാനന്ദൻ ആചാരി, കുസാറ്റ് കിഫ്ബി കോർഡിനേറ്റർ പ്രൊഫ.ഡോ.സജീവൻ ടി.പി, സ്കൂൾ ഓഫ് മറൈൻ സയൻസസ് ഡയറക്ടർ ഡോ.എ.എ മുഹമ്മദ് ഹത്ത എന്നിവർ സംസാരിച്ചു.

# മാസം അരക്കോടി രൂപ; റെക്കോർഡ് കളക്ഷനുമായി കെഎസ്ആർടിസി ഇലക്ട്രിക് ബസ് സർവീസ്

**തിരുവനന്തപുരം:** 14 ഇലക്ട്രിക് ബസ് സർവീസ് നടത്തി കെഎസ്ആർടിസി വികാസ് ഭവൻ യൂണിറ്റ് നേടിയത് മാസം അരക്കോടി രൂപ എന്ന റെക്കോർഡ്. 2024 ജനുവരിയിൽ 19.72 ലക്ഷമായിരുന്നുവെങ്കിൽ ഓഗസ്റ്റിൽ 24 ലക്ഷം രൂപ അധികമായി നേടി വരുമാനം 43.81 ലക്ഷമായി വർധിപ്പിച്ചു. വരുമാനം കുറഞ്ഞ സർവീസുകൾ പുനഃക്രമീകരിക്കണമെന്ന ഗതാഗത മന്ത്രിയുടെയും കെഎസ്ആർടിസി സിഎംഡിയുടെയും നിർദേശത്തെ തുടർന്ന് ഇലക്ട്രിക് ബസുകളുടെ ഷെഡ്യൂളുകൾ റീ അറേഞ്ച് ചെയ്തത് വഴി ശരാശരി ദിവസ വരുമാനം ദിവസം 64,000ൽ നിന്ന് 1.5 ലക്ഷമായി ഉയരുകയായിരുന്നു. കിലോമീറ്ററിൽ ലഭിക്കുന്ന തുക 35ൽ നിന്നും 54ന് മുകളിലേക്ക് മാറ്റാനും കഴിഞ്ഞു.




സാധാരണ ഡിപ്പോകളിൽ ഷെഡ്യൂളുകൾ പരിഷ്കരിക്കുമ്പോൾ നിലവിലെ മാസ വരുമാനം 1 ലക്ഷം മുതൽ 5 ലക്ഷം രൂപ വരെയാണ് വർധിക്കുന്നതെങ്കിൽ വികാസ് ഭവൻ യൂണിറ്റിൽ വരുമാനത്തിൽ ഇരട്ടിയാണ് വർധിച്ചത്.

ജീവനക്കാരുടെ ആത്മാർഥമായ പ്രവർത്തനങ്ങളും യാത്രക്കാർക്ക് ബുദ്ധിമുട്ട് ഉണ്ടാക്കാത്ത തരത്തിൽ നിലവിലുണ്ടായിരുന്ന പ്രധാന ട്രിപ്പുകൾ നിലനിർത്തി തീരെ നഷ്ടത്തിൽ ഓടുന്ന റൂട്ടുകൾ ക്രമീകരിച്ചതിലൂടെയുമാണ് വരുമാനത്തിൽ റെക്കോർഡ് നേട്ടം കൈവരിക്കാൻ സാധിച്ചതെന്ന് വികാസ് ഭവൻ യൂണിറ്റ് ഓഫിസർ സി.പി.പ്രസാദ് അറിയിച്ചു.

ഒരു കിലോമീറ്റർ സർവീസ് നടത്തുമ്പോൾ കുറഞ്ഞത് 65 രൂപ ലഭിക്കാൻ സാധിക്കുന്ന തരത്തിൽ ഇലക്ട്രിക് ബസുകളെ മാറ്റുമെന്നും അദ്ദേഹം പറഞ്ഞു. റെക്കോർഡ് വരുമാനം നേടിത്തന്ന ജീവനക്കാരെയും അദ്ദേഹം അഭിനന്ദിച്ചു.



# കുസാറ്റ് സ്കൂൾ ഓഫ് എഞ്ചിനീയറിങ്ങിൽ അലുമ്നി അസോസിയേഷന്റെ പുതിയ ഗേറ്റ് ഉദ്ഘാടനം ചെയ്കു

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ സ്കൂൾ ഓഫ് എൻജിനീയറിങ്ങ് മെയിൻ ക്യാമ്പസിന് അത്യാകർഷകമായ പുതിയ ഗേറ്റിൻറെ ഉദ്ഘാടനം കുസാറ്റ് വൈസ് ചാൻസലർ പ്രൊഫ.ഡോ. പി. ജി ശങ്കരൻ നിർവഹിച്ചു.1995 ബാച്ച് മെക്കാനിക്കൽ വിദ്യാർത്ഥികളും കുസാറ്റിലെ അലുമിനി അസോസിയേഷനും ചേർന്നാണ് 22 ലക്ഷം രൂപയുടെ ഗേറ്റ് ഒരുക്കിയത്. എറണാകുളം വിജിത് ജഗദീഷ് ആർക്കിടെക്റ്റ്സ് ഡിസൈൻ ചെയ്ത ഗേറ്റ് നിർമിച്ചത് വിസായി കൺസ്ട്രക്ഷൻ ആണ്. സിൽവർ ജൂബിലി അലുമിനി ഗേറ്റ് എന്നാണ് പ്രവേശന കവാടത്തിൻറെ പേര്.വയനാട് ബെയ്‌ലി പാലം നിർമ്മിക്കാൻ നേതൃത്വം നൽകിയ കുസാറ്റ് സിവിൽ എഞ്ചിനീയറിങ്ങ് പൂർവ്വ വിദ്യാർത്ഥി മേജർ അനീഷ് മോഹനെ ചടങ്ങിൽ ആദരിച്ചു.

# അഞ്ച് ആശുപത്രികൾക്ക് ദേശീയ ഗുണനിലവാര അംഗീകാരം

**കണ്ണൂർ:** സംസ്ഥാനത്തെ 5 ആശുപത്രികൾക്ക് എൻ.ക്യു.എ.എസ്. (നാഷണൽ ക്വാളിറ്റി അഷുറൻസ് സ്റ്റാൻഡേർഡ്) അംഗീകാരം ലഭിച്ചതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ഒരു ആശുപത്രിയ്ക്ക് പുതുതായി അംഗീകാരവും 4 ആശുപത്രികൾക്ക് പുന:അംഗീകാരവുമാണ് ലഭിച്ചത്. കൊല്ലം ശക്തികുളങ്ങര കുടുംബാരോഗ്യ കേന്ദ്രം 96 ശതമാനം സ്കോർ നേടിയാണ് പുതുതായി അംഗീകാരം നേടിയത്. കൂടുതൽ ആശുപത്രികളെ ദേശീയ ഗുണനിലവാരത്തിലേക്ക് ഉയർത്താനുള്ള നടപടികൾ സ്വീകരിച്ച് വരുന്നതായി മന്ത്രി പറഞ്ഞു.

കണ്ണൂർ പാട്യം കുടുംബാരോഗ്യ കേന്ദ്രം 97 ശതമാനം സ്കോറും, എറണാകുളം വാഴക്കുളം കുടുംബാരോഗ്യ കേന്ദ്രം 93 ശതമാനം സ്കോറും, തൃശ്ശൂർ തളിക്കുളം കുടുംബാരോഗ്യ കേന്ദ്രം 91 ശതമാനം സ്കോറും, മലപ്പുറം ഇരവിമംഗലം നഗര കുടുംബാരോഗ്യ കേന്ദ്രം 90 ശതമാനം സ്കോറും നേടിയാണ് പുന:അംഗീകാരം നേടിയത്.

ഇതോടെ സംസ്ഥാനത്തെ 177 ആശുപത്രികൾ എൻ.ക്യു.എ.എസ്. അംഗീകാരവും 81 ആശുപത്രികൾ പുന:അംഗീകാരവും നേടി. 5 ജില്ലാ ആശുപത്രികൾ, 4 താലൂക്ക് ആശുപത്രികൾ, 9 സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, 41 നഗര കുടുംബാരോഗ്യ കേന്ദ്രങ്ങൾ, 118 കുടുംബാരോഗ്യ കേന്ദ്രങ്ങൾ എന്നിങ്ങനെയാണ് എൻ.ക്യു.എ.എസ് അംഗീകാരം നേടിയിട്ടുള്ളത്.

8 വിഭാഗങ്ങളായി 6,500 ഓളം ചെക്ക് പോയിന്റുകൾ വിലയിരുത്തിയാണ് ഒരു ആശുപത്രിയെ ദേശീയ ഗുണനിലവാരത്തിലേക്ക് ഉയർത്തുന്നത്. എൻ.ക്യു.എ.എസ്. അംഗീകാരത്തിന് 3 വർഷ കാലാവധിയാണുള്ളത്. 3 വർഷത്തിന് ശേഷം ദേശീയതല സംഘത്തിന്റെ പുന:പരിശോധന ഉണ്ടാകും. കൂടാതെ വർഷാവർഷം സംസ്ഥാനതല പരിശോധനയുമുണ്ടാകും. എൻ.ക്യു.എ.എസ്. അംഗീകാരം ലഭിക്കുന്ന കുടുംബാരോഗ്യ കേന്ദ്രങ്ങൾക്ക് 2 ലക്ഷം രൂപ വീതവും മറ്റ് ആശുപത്രികൾക്ക് ഒരു കിടക്കയ്ക്ക് 10,000 രൂപ എന്ന നിലയിലും വാർഷിക ഇൻസെന്റീവ് ലഭിക്കും. ആശുപത്രി വികസനത്തിന് ഇത് കൂടുതൽ സഹായിക്കും.

# അധ്യാപക ദിനം ആചരിച്ചു

**പെരുവന്താനം:** പെരുവന്താനം സെന്റ് ആന്റണീസ് കോളജിൽ അധ്യാപക ദിനം ആചരിച്ചു. കാളകെട്ടി അസീസി അന്ധവിദ്യാലയം പ്രിൻസിപ്പൽ സിസ്റ്റർ ടി.എ.റെൻസി മുഖ്യാതിഥിയായി എത്തി. കോളജ് പ്രിൻസിപ്പൽ ഡോ. ആന്റണി ജോസഫ് കല്ലമ്പള്ളി അധ്യക്ഷത വഹിച്ച സമ്മേളനത്തിൽ സിസ്റ്റർ റെൻസിയെ ആദരിച്ചു.

കോളജ് ചെയർമാൻ ബെന്നി തോമസ് ആമുഖ പ്രഭാഷണവും സെക്രട്ടറി റ്റിജോമോൻ ജേക്കബ്, വൈസ് പ്രിൻസിപ്പൽ സുപർണ രാജു, സ്റ്റാഫ് സെക്രട്ടറിമാരായ അക്ഷയ് മോഹൻദാസ്, എസ്.ഷാന്റിമോൾ, ജിനു തോമസ്, ഫിസ ഫാത്തിമ, ഹണി കൃഷ്ണ, ബിബിൻ പയസ് എന്നിവർ സംസാരിച്ചു. തുടർന്ന് വിദ്യാർഥികൾ അധ്യാപകർക്കും, അധ്യാപകർ പരസ്പരവും സ്വന്തം കൈപ്പടയിൽ രൂപകൽപന ചെയ്ത ആശംസകൾ സമ്മാനിച്ചു. തുടർന്ന് വിവിധ കലാപരിപാടികൾ അരങ്ങേറി. അന്നേദിവസം ജീവനക്കാർ മിച്ചം പിടിച്ച തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന ചെയ്തു.




അർബൻ ഗ്രാമീൺ സൊസൈറ്റി (യു.ജി.എസ് ഗ്രൂപ്പ്)യുടെ പുതിയ പദ്ധതികൾ സംബന്ധിച്ച് മാനേജിംഗ് ഡയറക്ടർ അജിത് പാലാട്ട് കൊച്ചിയിൽ നടത്തിയ വാർത്താ സമ്മേളനത്തിൽ വിശദീകരിക്കുന്നു. അഭിലാഷ് പാലാട്ട് , സി. ഹരീഷ്, ഷെമീർ അലി , ഷബീർ അലി, ശ്യാംകുമാർ,ശാസ്താ പ്രസാദ് തുടങ്ങിയവർ സമീപം

# യുജിഎസ് ഗ്രൂപ്പിന്റെ പിരമിഡ് അഗ്രോ മൾട്ടി സ്റ്റേറ്റ് കോഓപ്പറേറ്റീവ് സൊസൈറ്റി ഉടൻ

## നടി ഭാവന ബ്രാൻഡ് അംബാസിഡർ

**കൊച്ചി:** അർബൻ ഗ്രാമീൺ സൊസൈറ്റി (യു.ജി.എസ് ഗ്രൂപ്പ്)യുടെ പുതിയ സംരംഭമായ പിരമിഡ് അഗ്രോ മൾട്ടി സ്റ്റേറ്റ് കോഓപ്പറേറ്റീവ് സൊസൈറ്റി ഉടൻ ലോഞ്ച് ചെയ്യുമെന്ന് യു.ജി.എസ് ഗ്രൂപ്പ് മാനേജിംഗ് ഡയറക്ടർ അജിത് പാലാട്ട് വാർത്താ സമ്മേളനത്തിൽ പറഞ്ഞു. കേരളം കൂടാതെ കർണ്ണാടക, മഹാരാഷ്ട്ര തുടങ്ങിയ സംസ്ഥാനങ്ങളിലും ഉടൻ പ്രവർത്തനം ആരംഭിക്കുമെന്നും അജിത് പാലാട്ട് പറഞ്ഞു. ചലച്ചിത്ര താരം ഭാവനയാണ് യുജിഎസ് ഗ്രൂപ്പിന്റെ ബ്രാൻഡ് അംബാസിഡർ. ഹോട്ടൽ ആന്റ് റെസ്റ്റോറന്റ് മേഖലയിലേക്കും യു.ജി.എസ് ഗ്രൂപ്പ് പ്രവേശിക്കുകയാണ്.പാലക്കാട് മണ്ണാർക്കാട് ആരംഭിക്കുന്ന ' ഷെഫ് പാലാട്ട് ' എന്ന പേരിലുള്ള യു.ജി.എസ് ഗ്രൂപ്പിന്റെ ആദ്യ റെസ്റ്റോറന്റിന്റെ ഉദ്ഘാടനം സെപ്തംബർ 14, ഉത്രാട ദിനത്തിൽ ബ്രാൻഡ് അംബാസിറായ ചലച്ചിത്ര താരം ഭാവന നിർവ്വഹിക്കുമെന്നും അജിത് പാലാട്ട് പറഞ്ഞു. 2020ൽ പാലക്കാട് തുടക്കം കുറിച്ച അർബൻ ഗ്രാമീൺ സൊസൈറ്റിയുടെ കീഴിൽ അർബൻ ഗ്രാമീൺ നിധി ലിമിറ്റഡ്, അർബൻ ഗ്രാമീൺ സൊസൈറ്റി ഗോൾഡ് ലോൺ,ന്യൂ അർബൻ ഗ്രാമീൺ കൗൺസിൽ, അർബൻ ഗ്രാമീൺ സൊസൈറ്റി,പിരമിഡ് അഗ്രോ മൾട്ടി സ്റ്റേറ്റ് കോപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾ ആണ് നിലവിലുള്ളത്. ഫിക്സഡ് ഡെപ്പോസിറ്റ്, സേവിങ്സ് ഡെപ്പോസിറ്റ്,റെക്കറിംഗ് ഡെപ്പോസിറ്റ്, ഗോൾഡ് ലോൺ, പേഴ്സണൽ ലോൺ, പ്രോപ്പർട്ടി ലോൺ,വെഹിക്കിൾ ലോൺ, മൈക്രോ ഫിനാൻസ്, ചിട്ടികൾ, ഇൻഷുറൻസ് ഉൾപ്പെടെയുള്ള സേവനങ്ങൾ ആണ് യുജിഎസ് ഗ്രൂപ്പ് വഴി ഉപഭോക്താക്കൾക്ക് നൽകിക്കൊണ്ടിരിക്കുന്നത്.പാലക്കാട് കൂടാതെ മലപ്പുറം ജില്ലയിലും യുജിസി ഗ്രൂപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങൾക്ക് നിലവിൽ ബ്രാഞ്ചുകൾ ഉണ്ട്.
എറണാകുളം, തൃശ്ശൂർ, കോഴിക്കോട് ജില്ലകളിൽ പുതിയ ബ്രാഞ്ചുകൾ ഉടൻ ആരംഭിക്കുമെന്നും ഇതിന്റെ പ്രവർത്തനങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണെന്നും അജിത് പാലാട്ട് പറഞ്ഞു.ഇന്ത്യയൊട്ടാകെ യു.ജി.സി ഗ്രൂപ്പിന്റെ സാന്നിധ്യ വ്യാപിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്. ഏഴു യുവാക്കളാണ്

യുജിഎസ് ഗ്രൂപ്പിന്റെ ഡയറക്ടർ ബോർഡിലുള്ളത്.ഹോട്ടൽ ആന്റ് റെസ്റ്റോറന്റ് മേഖലയിലേക്കും കൂടി പ്രവേശിക്കുന്നതോടെ എല്ലാ മേഖലകളിലും തങ്ങൽ സാന്നിധ്യം ഉറപ്പാക്കുകയാണെന്നും അജിത് പാലാട്ട് പറഞ്ഞു. ചലച്ചിത്രതാരം ഭാവനയായിരിക്കും യു.ജി.എസ് ഗ്രൂപ്പിന്റെ ബ്രാൻഡ് അംബാസിഡർ. ഭാവനയായാട്ടുള്ള സഹകരണം തങ്ങളുടെ സ്ഥാപനങ്ങൾക്ക് കൂടുതൽ ഗുണകരമാകുമെന്നാണ് പ്രതീക്ഷയെന്നും അജിത് പറഞ്ഞു.

വനിതാ പ്രാതിനിധ്യം കൂടുതൽ ഉറപ്പാക്കിയാണ് തങ്ങളുടെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത്. നിലവിലെ ജീവനക്കാരിൽ 75 ശതമാനവും വനിതാ ജീവനക്കാരാണ്. വയനാട് ദുരന്തബാധിതരെ സഹായിക്കുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കും യുജിഎസ് ഗ്രൂപ്പ് സംഭവന നൽകിയിരുന്നുവെന്നും അജിത് പാലാട്ട് പറഞ്ഞു.

അഭിലാഷ് പാലാട്ട് (ജനറൽ മാനേജർ), സി. ഹരീഷ്(ഫിനാൻസ് മാനേജർ), ഷെമീർ അലി (മാർക്കറ്റിംഗ് ഹെഡ്), ഷബീർ അലി (ഓപ്പറേഷൻസ് മാനേജർ), ശ്യാംകുമാർ(പി.ആർ.ഒ),ശാസ്താ പ്രസാദ് (സെയിൽസ് മാനേജർ) എന്നിവരും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

# വിഗാർഡ് തരംഗ് സംസ്ഥാനതല പരിശീലന തൊഴിൽ പദ്ധതിയുമായി വിഗാർഡ്

**കൊച്ചി:** ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ് മേഖലകളിൽ പ്രായോഗിക പരിജ്ഞാനത്തോടൊപ്പം യുവക്കാളെ ശാക്തീകരിക്കുക എന്ന ലക്ഷ്യത്തോടെ പ്രമുഖ ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ്, ഹോം അപ്ലയൻസസ് കമ്പനിയായ വിഗാർഡ് സംസ്ഥാനതല പരിശീലന, തൊഴിൽ പദ്ധതിയായ 'വിഗാർഡ് തരംഗ്' എട്ടാം പതിപ്പിന് തുടക്കമിടുന്നു. പരിശീലനപരിപാടി ഫോർട്ട് കൊച്ചിയിൽ സെപ്തംബർ 23ന് ആരംഭിക്കും. കരിയർ സാധ്യതകൾ ഏറെയുള്ള പരിശീലനപരിപാടിയിൽ താൽപ്പര്യമുള്ളവർക്ക് 9654924513 എന്ന നമ്പറിൽ വിളിച്ച് എൻറോൾ ചെയ്യാവുന്നതാണ്. വിഗാർഡിന്റെ സിഎസ്ആർ വിഭാഗമായ വിഗാർഡ് ഫൗണ്ടേഷനാണ് പരിപാടി സംഘടിപ്പിക്കുന്നത്.വിഗാർഡിന്റെ വിശാലമായ സേവന ശൃംഖലയുടെ പിന്തുണയോടെ ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ് ഉൽപ്പന്നങ്ങളുടെ ഇൻസ്റ്റലേഷൻ, മെയിന്റനൻസ്, റിപ്പയർ തുടങ്ങിയ പരിശീലനങ്ങളാണ് വിഗാർഡ് തരംഗ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പൂർണ്ണമായും വിഗാർഡ് ഇൻഡസ്ട്രീസിന്റെ ധനസഹായത്തോടെ നടപ്പിലാക്കുന്ന റെസിഡൻഷ്യൽ പ്രോഗ്രാമിൽ സൗജന്യ താമസം, ഭക്ഷണം, അത്യാധുനിക പരിശീലന കേന്ദ്രത്തിലേക്കുള്ള പ്രവേശനം എന്നിവ ലഭിക്കുന്നു. പരിശീലനം പൂർത്തിയാക്കുന്നവർക്ക് നാഷണൽ സ്കിൽ ഡെവലപ്മെന്റ് കോർപ്പറേഷന്റെ സർട്ടിഫിക്കറ്റ് ലഭിക്കും. സ്വന്തം ജില്ലയിലും പുറത്തും പ്ലേസ്മെന്റ് അവസരങ്ങൾ ഒരുക്കുന്നു.സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് മുൻഗണന നൽകി സംസ്ഥാനത്തിന്റെ വിവിധ ജില്ലകളിൽ നിന്നുള്ളവർക്ക് പരിശീലനത്തിൽ പങ്കെടുക്കാം. വിഗാർഡ് തരംഗിലൂടെ ഇതിനകം 700ലധികം യുവാക്കളാണ് പരിശീലനം നേടിയിട്ടുള്ളത്. ഇന്ത്യയിലുടനീളം നൈപുണ്യ വികസനം പ്രോത്സാഹിപ്പിക്കുന്നതിനും ഉപജീവന സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനമുള്ള വിഗാർഡിന്റെ ദീർഘകാല പ്രതിബദ്ധത കൂടിയാണിത്.

# 8.5 ലക്ഷം സീസണൽ തൊഴിലവസരങ്ങൾ പ്രാപ്തമാക്കുമെന്ന് മീഷോ

**ബംഗളൂരു:** ഉത്സവ സീസണിന് മുന്നോടിയായി, ഇകൊമേഴ്സ് മാർക്കറ്റ് പ്ലേസ് ആയ മീഷോ അതിന്റെ വിൽപ്പനക്കാരുടെയും ലോജിസ്റ്റിക്സിന്റെയും നെറ്റ്വർക്കിനുള്ളിൽ 8.5 ലക്ഷം സീസണൽ തൊഴിലവസരങ്ങൾ പ്രാപ്തമാക്കുമെന്ന് പ്രഖ്യാപിച്ചു, ഇതിൽ 60% ത്തിലധികം ടയർ 3, ടയർ 4 മേഖലകളാണ്. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് സീസണൽ ജോലികളിൽ ഇത് 70% വർദ്ധനയെ പ്രതിനിധീകരിക്കുന്നുവെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.

# 1:1 ബോണസ് ഇഷ്യുവിന് റിലയൻസ് ബോർഡിന്റെ അംഗീകാരം

**കൊച്ചി/ മുംബൈ:** റിലയൻസ് ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെ (ആർഐഎൽ) ഡയറക്ടർ ബോർഡ് 1:1 എന്ന അനുപാതത്തിൽ ബോണസ് ഷെയറുകൾ ഇഷ്യൂ ചെയ്യുന്നതിന് അംഗീകാരം നൽകി. റെക്കോർഡ് തീയതി പ്രത്യേകം അറിയിക്കും.
ഇന്ത്യൻ ഇക്വിറ്റി മാർക്കറ്റിൽ ബോണസ് ഇക്വിറ്റി ഷെയറുകളുടെ എക്കാലത്തെയും വലിയ ഇഷ്യൂവായിരിക്കും ഇതെന്ന് കമ്പനി അധികൃതർ അറിയിച്ചു.

# ഡാം ക്യാപിറ്റൽ അഡ്വൈസേഴ്സ് ലിമിറ്റഡ് ഐപിഒയ്ക്ക്

**കൊച്ചി:** ഇന്ത്യയിലെ അതിവേഗം വളരുന്ന നിക്ഷേപ ബാങ്കുകളിലൊന്നായ ഡാം (ഡിഎഎം) ക്യാപിറ്റൽ അഡ്വൈസേഴ്സ് ലിമിറ്റഡ് പ്രാഥമിക ഓഹരി വിൽപനയ്ക്ക് (ഐപിഒ) അനുമതി തേടി സെബിയ്ക്ക് കരടുരേഖ (ഡിആർഎച്ച്പി) സമർപ്പിച്ചു. മൾട്ടിപ്പിൾസ് ഓട്ടർനേറ്റ് അസറ്റ് മാനേജ്മെൻറ്, ആർബിഎൽ ബാങ്ക്, ഈസി ആക്സസ് ഫിനാൻഷ്യൽ സർവീസസ്, നരോതം സെഖ്സാരിയ എന്നീ നിക്ഷേപകരുടെയും പ്രമോട്ടറുടെയും 3.206 കോടി ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.നുവാമ വെൽത്ത് മാനേജ്മെൻറ് ലിമിറ്റഡാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർ.



# സിംകെയർ പ്രവർത്തനം ആരംഭിച്ചു

**തിരുവനന്തപുരം:** കാരുണ്യ പ്രവർത്തനങ്ങൾക്കായി ദാതാക്കളെയും സ്വീകർത്താക്കളെയും ബന്ധിപ്പിക്കുന്ന വെബ് മൊബൈൽ പ്ലാറ്റ്ഫോം 'സിംകെയർ' അന്താരാഷ്ട്ര ചാരിറ്റി ദിനത്തിൽ പുറത്തിറക്കി. എസ്പി ഗ്രാൻഡ് ഡേയ്സിൽ നടന്ന ചടങ്ങിൽ ഗാന്ധിഭവൻ ഇന്റർനാഷണൽ ട്രസ്റ്റ് സെക്രട്ടറിയും കേരള ഓർഫനേജ് കൺട്രോൾ ബോർഡ് അംഗവുമായ ഡോ. പുനലൂർ സോമരാജൻ ഉദ്ഘാടനം നിർവ്വഹിച്ചു.എൻജിഒകൾ, ക്ലബ്ബുകൾ, സൊസൈറ്റികൾ, മറ്റ് സംഘടനകൾ എന്നിവയിലൂടെ ദാതാക്കളെയും സ്വീകർത്താക്കളെയും ബന്ധിപ്പിക്കുന്ന പ്ലാറ്റ്ഫോം സുതാര്യതയും കാര്യക്ഷമതയും ഉറപ്പാക്കുന്നതാണ്. തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തിക്കുന്ന സിംപ്ലിഫൈ ടെക്നോളജീസ് പ്രൈവറ്റ് ലിമിറ്റഡാണ് സിംകെയർ തയ്യാറാക്കിയത്. സിംകെയർ മൊബൈൽ ആപ്പ് ഗൂഗിൾ പ്ലേ സ്റ്റോറിൽ ലഭ്യമാണ്.

ചടങ്ങിൽ കമ്പനി സഹസ്ഥാപകനും പ്രോഡക്ട് എഞ്ചിനീയറിംഗ് ഡയറക്ടറുമായ ശ്രീജേഷ് പിള്ള, സഹസ്ഥാപകനും ബിസിനസ് ഡവലപ്പ്മെന്റ് ഡയറക്ടറുമായ ശ്രീകുമാർ എം, സഹസ്ഥാപകനും പ്രോഡക്ട് ഡിസൈൻ ഡയറക്ടറുമായ വിനയ് പരബ് എന്നിവർ സന്നിഹിതരായി.

# പ്രവാസ് 4.0ൽ മാസ് മൊബിലിറ്റി സൊല്യൂഷനുകളുമായി ടാറ്റ മോട്ടോർസ്

**കൊച്ചി:** വാണിജ്യ വാഹന നിർമാക്കളായ ടാറ്റ മോട്ടോർസ് പ്രവാസ് 4.0ൽ അത്യാധുനിക മാസ് മൊബിലിറ്റി സൊല്യൂഷനുകളുടെ ആകർഷകമായ ശ്രേണി പ്രദർശിപ്പിച്ചു. സുരക്ഷിതവും സ്മാർട്ടും സുസ്ഥിരവുമായ സംയോജിത മാസ് മൊബിലിറ്റി സൊല്യൂഷനുകൾ ഉയർത്തിക്കാട്ടുന്ന 3 ദിവസത്തെ ദ്വിവത്സര പരിപാടിയായ പ്രവാസ് 4.0ൽ കമ്പനി പുതിയ ടാറ്റ അൾട്രാ ഇവി 7എം അവതരിപ്പിച്ചു.

അർബൻ ആൻഡ് മാസ് മൊബിലിറ്റിയുടെ ആവശ്യകതകൾക്ക അനുയോജ്യമായ രീതിയിൽ രൂപകൽപ്പനയും എൻജിനിയറിങ്ങും ചെയ്ത ഒരു സീറോഎമിഷൻ വാഹനമാണ് ടാറ്റ അൾട്രാ ഇവി 7എം. ടാറ്റ മാഗ്ന ഇവി, മാജിക് ബൈഫ്യുവൽ, ടാറ്റ അൾട്രാ പ്രൈം സിഎൻജി, ടാറ്റ വിംഗർ 9 എസ്, ടാറ്റ സിറ്റി റൈഡ് പ്രൈം, ടാറ്റ എൽപിഒ 1822 എന്നിവയുൾപ്പെടെ വൈവിധ്യമാർന്ന യാത്രാ ഗതാഗത പരിഹാര മാർഗങ്ങളും ഡ്യൂട്ടി സൈക്കിൾസും ടാറ്റാ മോട്ടോർസ് പ്രദർശിപ്പിച്ചു.




# ഹോണ്ട കാർസ് ഗ്രേറ്റ് ഹോണ്ട ഫെസ്റ്റ് അവതരിപ്പിക്കുന്നു

**ന്യൂഡൽഹി:** മുൻനിര പ്രീമിയം കാർ നിർമ്മാതാക്കളായ ഹോണ്ട കാർസ് ഇന്ത്യ ലിമിറ്റഡ് (എച്ച്സിഐഎൽ) ഇന്ന് 'ദി ഗ്രേറ്റ് ഹോണ്ട ഫെസ്റ്റി'നായി മൾട്ടി മീഡിയ കാംപയിൻ ആരംഭിച്ചു.'ഉത്സവങ്ങൾ സന്തോഷവും ഐക്യവും നൽകുന്നു. 'ഗ്രേറ്റ് ഹോണ്ട ഫെസ്റ്റ്' കാമ്പെയ്നിലൂടെ, ഈ സ്പിരിറ്റ് ആഘോഷിക്കാനാണ് ഞങ്ങൾ ലക്ഷ്യമിടുന്നതെന്ന് ഹോണ്ട കാർസ് ഇന്ത്യ ലിമിറ്റഡ് മാർക്കറ്റിംഗ് ആന്റ് സെയിൽസ് വൈസ് പ്രസിഡന്റ് കുനാൽ ബെൽ പറഞ്ഞു, എച്ച്സിഐഎൽ ഹോണ്ട അമേസിന്റെ എസ് വേരിയന്റിന് ഒരു പ്രത്യേക ഉത്സവ വില അവതരിപ്പിച്ചിട്ടുണ്ട്. ഈ വേരിയന്റുകളുടെ ഡിമാൻഡ് വർധിച്ചുവരുന്ന വിപണികളിൽ ആ താങ്ങാനാവുന്ന വില നൽകുന്നതിനാണ് ഈ ഓഫർ രൂപകൽപ്പന ചെയ്തിരിക്കുന്നത്.

ഗ്രേറ്റ് ഹോണ്ട ഫെസ്റ്റിന്റെ ഭാഗമായി പ്രീമിയം ശ്രേണിയിലുള്ള കാറുകൾ വാങ്ങുമ്പോൾ ആകർഷകമായ ആനുകൂല്യങ്ങളും കമ്പനി വാഗ്ദാനം ചെയ്യുന്നു. ക്യാഷ് ഡിസ്കൗണ്ടുകൾ, ലോയൽറ്റി, എക്സ്ചേഞ്ച്, കോർപ്പറേറ്റ് ഓഫർ എന്നിവയുടെ രൂപത്തിൽ ആകർഷകമായ ആനുകൂല്യങ്ങൾക്കൊപ്പം 3 വർഷത്തെ സൗജന്യ മെയിന്റനൻസ് പാക്കേജും ലഭിക്കും.

ഹോണ്ട അമേസ്, ഹോണ്ട സിറ്റി, ഹോണ്ട സിറ്റി ഇ:എച്ച്ഇവി, ഹോണ്ട എലിവേറ്റ് എന്നിവയുൾപ്പെടെ തിരഞ്ഞെടുത്ത മോഡലുകളിൽ പ്രമോഷണൽ സ്കീം ലഭ്യമാണ്. ഈ ഓഫർ രാജ്യത്തുടനീളമുള്ള എല്ലാ അംഗീകൃത ഹോണ്ട ഡീലർഷിപ്പുകളിലും പരിമിത കാലത്തേക്ക് സാധുതയുള്ളതും നിർദ്ദിഷ്ട മോഡൽ വേരിയന്റുകൾക്ക് ബാധകവുമാണ്.

# സാംസങ്ങ് സോൾവ് ഫോർ ടുമാറോ: ഫൈനലിസ്റ്റ് ടീമുകളെ പ്രഖ്യാപിച്ചു

**കൊച്ചി:** സാംസങ്ങ് ഇന്ത്യ തങ്ങളുടെ മുഖ്യ സിഎസ്ആർ പരിപാടി ആയ 'സോൾവ് ഫോർ ടുമാറോ' 2024 ലെ ഏറ്റവും മികച്ച 10 ടീമുകളെ പ്രഖ്യാപിച്ചു. അവർ തങ്ങളുടെ ആശയങ്ങൾ ഗ്രാന്റ് ജൂറിക്ക് മുന്നിൽ അവതരിപ്പിക്കും. അസമിലെ ഗൊലാഗട്ട്, കാംരൂപ് റൂറൽ, രാജസ്ഥാനിലെ ജലവാർ, കർണ്ണാടകയിലെ ഉഡുപ്പി, ഛത്തീസ്ഗഢിലെ ബിലാസ്പൂർ എന്നിങ്ങനെയുള്ള രാജ്യത്തെ വിദൂര പ്രദേശങ്ങളിൽ നിന്നുള്ള ചില ടീമുകളും ചുരുക്കപ്പട്ടികയിലെ ടീമുകളിൽ ഉൾപ്പെടുന്നു.

സാംസങ്ങ് ജൂറി അംഗങ്ങൾക്ക് മുന്നിൽ ആശയങ്ങൾ പ്രദർശിപ്പിക്കുകയും ഐഐടി ഡൽഹിയിലെ സാംസങ്ങ് ആന്റ് ഫൗണ്ടേഷൻ ഫോർ ഇന്നൊവേഷൻ ആന്റ് ടെക്നോളജി ട്രാൻസ്ഫറിലെ (എഫ്ഐടിടി) വിദഗ്ധരുടെ നേതൃത്വത്തിലുള്ള മെന്ററിങ്ങ് സെഷനുകളിലും പങ്കെടുത്തു കൊണ്ട് കഠിനമായ തെരഞ്ഞെടുപ്പ് പ്രക്രിയയിലൂടേയാണ് ഫൈനലിസ്റ്റുകൾ കടന്നുവന്നത്. ഇതിനുള്ള പുരസ്കാരം എന്ന നിലയിൽ 20 ടീമുകൾക്കും പ്രോട്ടോടൈപ്പ് വികസനത്തിനായി 20,000 രൂപ ഗ്രാന്റ് ലഭിക്കുകയുണ്ടായി. ഇതിനുപുറമേ, യൂത്ത് ട്രാക്കിൽ നിന്നും ചുരുക്കപ്പട്ടികയിൽ കടന്നെത്തിയ ടീമുകൾക്ക് ഏറ്റവും പുതിയ സാംസങ്ങ് ഗ്യാലക്സി ലാപ്ടോപ്പുകളും സ്കൂൾ ട്രാക്കിൽ നിന്നുള്ള ടീമുകൾക്ക് ഗ്യാലക്സി ടാബുകളും ലഭിക്കുകയുണ്ടായി. മൂന്നാം പതിപ്പിൽ വിദ്യാർത്ഥികൾ 2 പ്രമുഖ വിഷയങ്ങൾക്ക് കീഴിൽ തങ്ങളുടെ ആശയങ്ങൾ സമർപ്പിച്ചു: സമൂഹവും എല്ലാവരേയും ഉൾക്കൊള്ളലും, പരിസ്ഥിതിയും സുസ്ഥിരതയും എന്നിവയായിരുന്നു വിഷയങ്ങൾ. വിദ്യാർത്ഥികൾക്ക് പുതിയ മേഖലകൾ തുറന്നു നല്കാൻ രൂപകൽപ്പന ചെയ്ത 'ഇന്നൊവേഷൻ വോക്കി'ലും ടീമുകൾ പങ്കെടുക്കുകയുണ്ടായി. ബംഗളൂരുവിലും നോയിഡയിലുമുള്ള സാംസങ്ങിന്റെ ആർ&ഡി സെന്ററുകൾ ഗുരുഗ്രാമിലെ റീജിയണൽ ഹെഡ്ക്വാർട്ടേഴ്സ് എന്നിങ്ങനെയുള്ള സാംസങ്ങിന്റെ ഓഫീസുകളിലാണ് ഇത് സംഘടിപ്പിച്ചത്.

# 10000 കണ്ടെയ്നറുകൾ പാട്ടത്തിനു നൽകാൻ ലാൻസർ കണ്ടെയ്നർ ലൈൻസ് ഇന്തൊനേഷ്യൻ കമ്പനിയുമായി ധാരണയിൽ

**കൊച്ചി:** ഇന്ത്യയിലെ മുൻനിര ഷിപ്പിങ്, ലോജിസ്റ്റിക്സ് കമ്പനിയായ ലാൻസർ കണ്ടെയ്നർ ലൈൻസ് ലിമിറ്റഡ് പ്രമുഖ ഇന്തൊനേഷ്യൻ കമ്പനിയായ പി.ടി. മാപ് ട്രാൻസ് ലോജിസ്റ്റിക്സിന് 10000 ടിഇയു കണ്ടെയ്നറുകൽ പാട്ടത്തിനു നൽകും. ഇതു സംബന്ധിച്ച ധാരണാപത്രത്തിൽ ഇരു കമ്പനികളും ഒപ്പുവച്ചു.

ഈ തന്ത്രപ്രധാന പങ്കാളിത്തം ലാൻസർ കണ്ടെയ്നർ ലൈൻസിന്റെ ബിസിനസ് വളർച്ചയിൽ നിർണായക പങ്കുവഹിക്കുമെന്ന് മാനേജിങ് ഡയറക്ടർ പ്രഫുൽ ഝാ പറഞ്ഞു.

2026 സാമ്പത്തിക വർഷത്തിനകം 45000 കണ്ടെയ്നർ ശേഷിയിലേക്ക് ഉയർത്താനാണ് കമ്പനിയുടെ പദ്ധതി. പുതിയ കപ്പൽ വാങ്ങുന്ന കാര്യവും പരിഗണനയിലുണ്ട്. നടപ്പു സാമ്പത്തിക വർഷം ആദ്യ പാദത്തിൽ 12.1 കോടി രൂപയാണ് കമ്പനിയുടെ അറ്റാദായം. 172.4 കോടി രൂപയുടെ വരുമാന നേട്ടവും കൈവരിച്ചു.

LiVa®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com


THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
LiVa KITCHENS & INTERIORS
TRUSTED since 2007 · 15 YEAR GUARANTEE · 100% GUARANTEED · ISO 9001 CERTIFIED · LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER
HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62
SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19
SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+ 91 9288022663